2023
AUGUST
09
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ഓഹരി വിപണികൾ നേട്ടത്തിൽ



**കൊച്ചി:** രാജ്യാന്തര റേറ്റിങ് ഏജൻസിയായ ഫിച്ച് അമേരിക്കയുടെ റേറ്റിങ് ഇടിച്ചതിനെത്തുടർന്ന് കഴിഞ്ഞയാഴ്ച വലിയ നഷ്ടം രേഖപ്പെടുത്തിയ ഓഹരി വിപണികൾ ആഴ്ചയിലെ വ്യാപാരത്തിന്റെ ആദ്യദിവസത്തിൽ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. മഹീന്ദ്ര ആൻഡ് മഹീന്ദ്ര, ടിസിഎസ്, ഇൻഫോസിസ്, റിലയൻസ് തുടങ്ങിയ വമ്പൻമാർ മികച്ച പ്രകടനമാണ് ഇന്നലെ നടത്തിയത്. സെൻസെക്സ് 232 പോയിന്റ് നേട്ടത്തിലും നിഫ്റ്റി 80 പോയിന്റ് നേട്ടത്തിലും വ്യാപാരം അവസാനിപ്പിച്ചു. വ്യാപാരത്തിനിടെ സെൻസെക്സ് വീണ്ടും 66000 കടന്നിരുന്നു. ടാറ്റ മോട്ടോഴ്സ്, എസ്ബിഐ, കോട്ടക് മഹിന്ദ്ര ബാങ്ക്, ആക്സിസ് ബാങ്ക് തുടങ്ങിയ ഓഹരികൾക്കാണ് നഷ്ടം നേരിട്ടത്. അതേസമയം, ഏഷ്യൻ, യൂറോപ്യൻ വിപണികൾ നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. അസംസ്കൃത എണ്ണവില നേരിയ തോതിൽ ഇടിഞ്ഞ് 85.60 ഡോളറിലെത്തി. ഡോളറിനെതിരെ 10 പൈസ നേട്ടത്തോടെ രൂപ 82.74 ൽ വ്യാപാരം അവസാനിപ്പിച്ചു.

# സംവിധായകൻ സിദ്ദീഖിന് വിട



**കൊച്ചി:** പ്രശസ്ത സംവിധായകൻ സിദ്ദീഖ് (68) അന്തരിച്ചു. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയായിരുന്നു അന്ത്യം. കരൾ രോഗബാധയെ തുടർന്ന് ഒരു മാസമായി എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്ന സിദ്ദീഖ് പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് ഗുരുതരാവസ്ഥയിലാവുകയും ചൊവ്വാഴ്ച രാത്രി ഒൻപതോടെ മരണം സ്ഥിരീകരിക്കുകയുമായിരുന്നു. ബുധനാഴ്ച രാവിലെ 9 മുതൽ 11.30 വരെ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലും തുടർന്ന് കാക്കനാട് പള്ളിക്കരയിലുള്ള സ്വവസതിയിലും പൊതുദർശനം. വൈകിട്ട് ആറിന് എറണാകുളം സെൻട്രൽ ജുമാ മസ്ജിദിൽ ഔദ്യോഗിക ബഹുമതികളോടെ കബറടക്കം.

1989ൽ റാംജി റാവു സ്പീക്കിങ് എന്ന ചിത്രത്തിലൂടെ സംവിധാന രംഗത്തേക്ക് എത്തിയ സിദ്ദീഖ്, തിരക്കഥാകൃത്ത്, നടൻ, നിർമാതാവ് എന്നീ നിലകളിലും സജീവമായിരുന്നു. 1956ൽ എറണാകുളം കലൂർ ചർച്ച് റോഡിൽ സൈനബാസിൽ ഇസ്മയിൽ റാവുത്തരുടെയും സൈനബയുടെയും മകനായാണ് സിദ്ദീഖിന്റെ ജനനം. കലൂർ ഗവ. ഹൈസ്കൂൾ, കളമശേരി സെന്റ് പോൾസ് കോളജ്, മഹാരാജാസ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഭാര്യ: സജിത. മക്കൾ: സൗമ്യ, സാറ, സുകൂൺ.

1983ൽ സംവിധായകനായ ഫാസിലിന്റെ അസിസ്റ്റന്റ് ആയാണ് സിദ്ദീഖ് സിനിമാ രംഗത്തേക്കു വരുന്നത്. കൊച്ചിൻ കലാഭവനിൽ അംഗമായിരുന്ന സിദ്ദീഖിനെയും ലാലിനെയും ഫാസിലാണ് കണ്ടെത്തി സിനിമയിലേക്ക് എത്തിക്കുന്നത്.

റാംജി റാവു സ്പീക്കിങ്, ഇൻ ഹരിഹർ നഗർ, ഗോഡ് ഫാദർ, വിയറ്റ്നാം കോളനി, കാബൂളിവാല, ഹിറ്റ്ലർ, ഫ്രണ്ട്സ്, ക്രോണിക് ബാച്ച്ലർ, ബോഡി ഗാർഡ്, കാവലൻ, ലേഡീസ് ആൻഡ് ജെന്റിൽമെൻ, ഭാസ്കർ ദ് റാസ്കൽ, ഫുക്രി, ബിഗ് ബ്രദർ തുടങ്ങിയവയാണു പ്രധാന ചിത്രങ്ങൾ. നിരവധി ചിത്രങ്ങൾക്കു തിരക്കഥ ഒരുക്കുകയും ചെയ്തു. ഇതിനിടെ പല സിനിമകളിലും അഭിനേതാവിന്റെ കുപ്പായവും സിദ്ദീഖ് അണിഞ്ഞു. വിവിധ ടിവി പരിപാടികളുടെ അവതാരകനുമായിരുന്നു. 1991ൽ സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചു

# അദാനി പോർട്സിന്റെ ഒന്നാംപാദ ലാഭത്തിൽ 82% വളർച്ച; വരുമാനത്തിലും വർധന



**മുംബൈ:** ലാഭത്തിലും വരുമാനത്തിലും വ ർധനയുമായി അദാനി പോർട്സ് ആൻഡ് സ്പെഷൽ എക്കണോമിക് സോൺ. കഴിഞ്ഞ വർഷത്തെ 1158.28 കോടി രൂപയിൽനിന്ന് ഇത്തവണ ലാഭം 2114.72 കോടി രൂപയിലേക്കെത്തി. പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനത്തിൽ 23.51% മുന്നേറ്റം ഉണ്ടായതോടെ വരുമാനം ഉയർന്ന് 6247.55 കോടി രൂപയായി.

ഈ വർഷമാദ്യം ഇസ്രയേലിലെ ഹൈഫ പോർട്ടുമായി 120 കോടി ഡോളറിന്റെ കരാർ അദാനി പോർട്സ് ഏറ്റെടുത്തിരുന്നു. ഇസ്രയേലിലെ ഏറ്റവും വലിയ രണ്ടാമത്തെ പോർട്ടായ ഹൈഫ കണ്ടെയ്നർ, ക്രൂസ് കപ്പലുകൾ കയറ്റുമതി ചെയ്യുന്നതിൽ പ്രമുഖരാണ്. മാർക്കറ്റിൽ ഒരു ഓഹരിക്ക് 783.2 രൂപയിലാണ് അദാനി പോർട്സിന്റെ വ്യാപാരം നടന്നത്. മൂന്നു മാസത്തിനിടെ ഓഹരിയിലുണ്ടായ വളർച്ച 14.49 ശതമാനമാണ്. 1,69,516 കോടി രൂപ വിപണി മൂല്യമുള്ള കമ്പനിയുടെ ഓഹരി നിലവിൽ ബുള്ളിഷായി തുടരുകയാണ്. വിവിധ ബ്രോക്കറേജുകൾ 900 മുതൽ 950 രൂപ വരെ ടാർഗറ്റ് ആയി നിർദേശിച്ചിട്ടുണ്ട്.

## നികുതിവെട്ടിപ്പ്: സംശയകരമായ ഇടപാടുവിവരങ്ങൾ എഫ്ഐയു ജിഎസ്ടി നെറ്റ്‌വർക്കിനു നൽകും

**ന്യൂഡൽഹി:** നികുതിവെട്ടിപ്പ് തടയുന്നതിനായി, സംശയകരമായ സാമ്പത്തികഇടപാടുകളുടെ വിവരങ്ങൾ ധനമന്ത്രാലയത്തിനു കീഴിലുള്ള ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ് (എഫ്ഐയു) ജിഎസ്ടി ശൃംഖലയുമായി (ജിഎസ്ടിഎൻ) പങ്കുവയ്ക്കുമെന്ന് കേന്ദ്രം ലോക്സഭയിൽ. വൻ തുക ഉൾപ്പെട്ടതും സംശയകരവുമായ ഇടപാടുകളുടെ വിവരങ്ങൾ കൈമാറുന്നതിനാണ് അടുത്തയിടയ്ക്ക് വിജ്ഞാപനമിറക്കിയതെന്ന് ധന സഹമന്ത്രി പങ്കജ് ചൗധരി വ്യക്തമാക്കി.

ഈ വിജ്ഞാപനത്തെച്ചൊല്ലി രാഷ്ട്രീയ വിവാദങ്ങളും ഉടലെടുത്തിരുന്നു.ജിഎസ്ടി ശൃംഖലയെ പിഎംഎൽഎ (കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം) പരിധിയിൽ ഉൾപ്പെടുത്താൻ ആലോചനയില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



## അയലൂർ കോളെജ് ഓഫ് അപ്ലൈഡ് സയൻസിൽ കോഴ്സ് പ്രവേശനം

**അയലൂർ:** അയലൂർ കോളെജ് ഓഫ് അപ്ലൈഡ് സയൻസിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.

പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.ഡി.സി.എ), ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് (ഡി.സി.എഫ്.എ), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിങ് (എ.ഡി.ബി.എം.ഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (ഡി.എൽ.എസ്.ഒ), പി.ജി ഡിപ്ലോമ ഇൻ എംപഡഡ് സിസ്റ്റം ഡിസൈൻ (പി.ജി.ഡി.ഇ.ഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സി.സി.എൻ.എ) എന്നീ കോഴ്സുകൾക്കാണ് അപേക്ഷിക്കാവുന്നത്.

താത്പര്യമുള്ളവർ ആഗസ്റ്റ് 10 നകം അപേക്ഷ നൽകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 8547005029, 04923241766.

## പി.എസ്.സി കോച്ചിങ് പരിശീലക നിയമനം

**പാലക്കാട്:** ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ജോബ് സ്കൂൾപി.എസ്.സി. കോച്ചിങ് പദ്ധതി' പ്രകാരം കഞ്ചിക്കോട് കേന്ദ്രത്തിൽ പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് പരിശീലകരെ തെരഞ്ഞെടുക്കുന്നു.

പ്രവർത്തി പരിചയമുള്ള യോഗ്യരായവർ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം ആഗസ്റ്റ് 11 ന് രാവിലെ 10.30 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കണമെന്ന് പട്ടികവർഗ്ഗ വികസന ഓഫീസർ അറിയിച്ചു. ഫോൺ: 0491 2505383.

## ആക്ഷേപാഭിപ്രായങ്ങൾ അറിയിക്കാം

**കോഴിക്കോട്:** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം വക കൈവശ ഭൂമിയിൽ ക്ഷേത്ര വരുമാനം വർധിപ്പിച്ച് സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിന് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് കമ്പനിയുടെ പെട്രോൾ പമ്പ് ക്ഷേത്ര ഉടമസ്ഥതയിൽ തുടങ്ങുന്നതിന് ഭൂമി പാട്ടം നൽകുന്നു.

കണ്ണാടിപ്പറമ്പ് വില്ലേജിലെ റീ സർവെ നമ്പർ 19ൽ പെട്ട 1600 സ്ക്വയർ മീറ്റർ (40 മീറ്റർ ⁚ 40 മീറ്റർ) സ്ഥലം 40,000 രൂപ പ്രതിമാസ വാടക നിരക്കിൽ 20 വർഷത്തേക്കാണ് പാട്ടം നൽകുക. പാട്ടത്തിന് നൽകുന്ന കാര്യത്തിൽ ക്ഷേത്രവിശ്വാസികൾക്കും പൊതുജനങ്ങൾക്കുമുള്ള ആക്ഷേപാഭിപ്രായങ്ങൾ ആഗസ്റ്റ് 21ന് വൈകിട്ട് നാല് മണിക്ക് മുമ്പായി കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, ഹൗസ് ഫെഡ് കോംപ്ലക്സ്, എരിഞ്ഞിപ്പാലം പി ഒ, കോഴിക്കോട് 6 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 7907044639



# സങ്കരയിനം തെങ്ങിൻ തൈകൾക്ക് ആവശ്യക്കാർ കുറയുന്നു

**കാസർഗോഡ്:** സങ്കരയിനം തെങ്ങിൻ തൈകൾക്കുവേണ്ടി മാസങ്ങൾക്കു മുമ്പേ ബുക്കുചെയ്തും അതിരാവിലെ പിലിക്കോടോ നീലേശ്വരത്തോ എത്തി വരിനിന്നും കാത്തുകെട്ടിക്കിടന്ന കാലം മാറുന്നു. ഇപ്പോൾ കൃഷിഭവനുകൾ മുഖേന വിതരണം ചെയ്യുന്ന സങ്കരയിനം തെങ്ങിൻ തൈകൾക്ക് പലയിടങ്ങളിലും ആവശ്യക്കാരില്ലാത്ത നിലയാണ്.

മിക്കയിടങ്ങളിലും ആയിരത്തോളം തൈകൾ കൊണ്ടുവന്നിറക്കിയതിൽ നൂറിൽ താഴെ എണ്ണം മാത്രമാണ് വിറ്റുപോയത്. ബാക്കിയുള്ളവ അതത് കൃഷിഭവനുകളിൽ കെട്ടിക്കിടക്കുകയാണ്. സൂക്ഷിച്ചുവയ്ക്കാൻ സ്ഥലമില്ലാതെയും മതിയായ സംരക്ഷണമില്ലാതെയും ഇവ ശോഷിച്ചുപോവുകയും ചെയ്യുന്നു. നശിച്ചുപോകുന്ന തൈകളുടെ വില കൃഷി ഓഫീസർമാർ കൈയിൽനിന്നെടുത്ത് അടക്കേണ്ടിയും വരുന്നു.

ദീർഘകാല വിളകളോട് പലരിലുമുണ്ടായ താത്പര്യക്കുറവും തേങ്ങയുടെ വിലയിടിവും എന്നു തുടങ്ങി സങ്കരയിനം തെങ്ങിൻ തൈകൾക്ക് പഴയ പോലെ നിലവാരമുണ്ടാകുന്നില്ലെന്ന പരാതി വരെ പല ഭാഗങ്ങളിൽനിന്നും ഉയർന്നുകേൾക്കുന്നുണ്ട്. തിരിച്ചൊന്നും കാര്യമായി കിട്ടാനിടയില്ലാത്ത സംരക്ഷണച്ചെലവും രോഗങ്ങളെയും കീടബാധയെയും പ്രതിരോധിക്കാൻ പഴയപോലെ കഴിയാത്തതുമെല്ലാം പലരും ചൂണ്ടിക്കാണിക്കുന്നു.

കാസർഗോഡ് നഗരസഭയിൽ ഈ വർഷം വിതരണത്തിനെത്തിച്ച തെങ്ങിൻ തൈകൾ ഇറക്കാനുള്ള സ്ഥലമില്ലെന്നു ചൂണ്ടിക്കാട്ടി തിരിച്ചയച്ചിരുന്നു. കഴിഞ്ഞവർഷം 1824 തൈകൾ ഇറക്കിയതിൽ 24 എണ്ണം മാത്രമാണ് വിറ്റുപോയത്. അതുകൊണ്ടുതന്നെ ഈ വർഷം തൈകൾ ആവശ്യമില്ലെന്ന് നഗരസഭയും കൃഷി ഓഫീസറും റിപ്പോർട്ട് നല്കിയിട്ടും, 1410 തൈകൾ എത്തിക്കുകയായിരുന്നു. ഇവയാണ് ഇറക്കാതെ തിരിച്ചയച്ചത്. തൊട്ടടുത്ത മധൂർ കൃഷിഭവനിൽ 970 സങ്കരയിനം തൈകൾ ഇറക്കിയതിൽ നൂറിൽ താഴെ എണ്ണം മാത്രമാണ് വാങ്ങാൻ ആളുണ്ടായത്.

തൃക്കരിപ്പൂർ പഞ്ചായത്തിൽ 943 തൈകൾ വിതരണത്തിനെത്തിച്ചതിൽ 500 എണ്ണവും, പടന്നയിൽ 1600 തൈകളെത്തിച്ചതിൽ എണ്ണൂറിനടുത്തും മാത്രമാണ് വിറ്റുപോയത്. വലിയപറമ്പിൽ 1500 തൈകൾ ഇറക്കിയതിൽ കേവലം 200 എണ്ണമാണ് വിറ്റുപോയത്. നാടൻ ഇനത്തിന് 100 രൂപയും സങ്കരയിനത്തിന് 250 രൂപയുമാണ് വില.

50 ശതമാനം സബ്സിഡിയും അനുവദിക്കുന്നുണ്ട്. 37,000 സങ്കരയിനം തെങ്ങിൻ തൈകളും, 29,375 നാടൻ തൈകളും, 200 കുള്ളൻ തൈകളുമുൾപ്പെടെ 66,575 തെങ്ങിൻ തൈകളാണ് സംസ്ഥാന നാളികേര വികസന കൗൺസിൽ ഇത്തവണ ജില്ലയിൽ വിതരണത്തിനായി അനുവദിച്ചത്. ഇതിൽ നാലിലൊന്നു പോലും വിറ്റുപോകാത്ത സാഹചര്യമാണ് നിലവിലുള്ളത്.

# ചേർത്തല നഗരസഭയിൽ 14 കോടിയുടെ ഖരമാലിന്യ പരിപാലന പദ്ധതി

**ചേർത്തല:** ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ചേർത്തല നഗരസഭയിൽ നടപ്പാക്കുന്ന ഖരമാലിന്യ പരിപാലന പദ്ധതിക്ക് ഏകദേശ രൂപരേഖയായി. 14 കോടിരൂപയുടെ പദ്ധതിക്കാണ് തത്വത്തിൽ അംഗീകാരമായത്.

ഓരോ നഗരസഭയും അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം പരിപാലനം ചെയ്യുന്നതിന് വേണ്ടി പ്രത്യേകമായ പദ്ധതി രൂപീകരിക്കണമെന്ന് 2016ലെ കേന്ദ്ര ഖരമാലിന്യ പരിപാലനചട്ടത്തിൻറെ ഭാഗമായാണ് പദ്ധതിയുടെ രൂപരേഖ തയാറാക്കിയത്. ഇതോടനുനുബന്ധിച്ചു ചേർന്ന യോഗത്തിൽ ചേർത്തല നഗരത്തിൽ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യത്തിൻറെ അളവ്, അവയുണ്ടാക്കുന്ന പ്രശ്നങ്ങൾ, സംസ്കരണ മാർഗ്ഗങ്ങൾ തുടങ്ങിയവ പ്രതിപാദിക്കുന്ന ഖരമാലിന്യ പരിപാലന പദ്ധതിയുടെ കരട് യോഗം വിശദമായി ചർച്ച ചെയ്തു.

14 കോടി രൂപയുടെ അഞ്ചുവർഷത്തേക്കുള്ള പദ്ധതികളാണ് ചർച്ച ചെയ്തത്. ചർച്ചയിൽ ഉയർന്നു വന്ന നിർദേശങ്ങൾ ഉൾപ്പെടുത്തി ആകെ 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഇനി നഗരസഭ കൗൺസിലിന്റെയും സർക്കാരിൻറെയും അംഗീകാരത്തിനായി സമർപ്പിക്കും.

യോഗത്തിൻറെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ നിർവഹിച്ചു.

## ആരോഗ്യ നിയമ ബോധവൽക്കരണ സെമിനാറും പോഷകാഹാര പ്രദർശനവും സംഘടിപ്പിച്ചു

**പത്തനംതിട്ട:** ജില്ലാതല ഐ സി ഡി എസ് സെൽ പത്തനംതിട്ടയുടെ നേതൃത്വത്തിൽ ലോക മുലയൂട്ടൽ വാരാചരണവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാർഥികൾക്കായി

ആരോഗ്യ നിയമ ബോധവൽക്കരണ സെമിനാറും പോഷകാഹാര പ്രദർശനവും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ വച്ച് സംഘടിപ്പിച്ചു.

ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സൂസൻ മാത്യു പെരിനേറ്റൽ സംബന്ധിച്ച് ക്ലാസ് നയിച്ചു. പീഡിയാട്രിക് വിഭാഗം സീനിയർ റെസിഡന്റ്സ് ഡോ. ജുവൽ മരിയ ജോർജ് മുലയൂട്ടലിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ജൂനിയർ റെസിഡന്റ്സ് ഡോ. പ്രീത ജാക്സൺ സ്ത്രീകൾക്കും കുട്ടികൾക്കും ആയുള്ള വിവിധ പദ്ധതികളെ കുറിച്ചും ജില്ല പ്രോഗ്രാം ഓഫീസർ അനിത ദീപ്തി മറ്റേണിറ്റി ബെനഫിറ്റ് ആക്ട് എന്നിവയെ പറ്റിയും വിശദീകരിച്ചു. അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന അമൃതം അംഗന പൊടി ഉപയോഗിച്ച് തയ്യാറാക്കുന്ന പോഷക സമൃദ്ധമായ ഭക്ഷണ പ്രദർശനവും നടത്തി.

പത്തനംതിട്ട ജില്ല ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ അനിത ദീപ്തി, പുളിക്കീഴ് ഐസിഡിഎസിലെ സിഡിപിഒ ഡോ. പ്രീതാകുമാരി, ഐസിഡിഎസ് സൂപ്പർവൈസർമാരായ ഡോ. സിനു ഐ പോൾ, സന്ധ്യ, ഡോ.എം.യു രഞ്ജിനി, സിന്ധു ജിങ്ക ചാക്കോ, സ്വപ്ന ചന്ദ്രൻ, എസ് ബി ചിത്ര, സ്കൂൾ കൗൺസിലർമാരായ രമ്യ കെ പിള്ള, അഡ്വ. തെരേസ തോമസ്, ഡാലിയ റോബിൻ, വീണ വിജയൻ തുടങ്ങിയവർ പങ്കെടുത്തു.

## കണ്ണൂർ കെഎസ്ആർടിസി ബഡ്ജറ്റ് ടൂറിസം സെൽ മുന്നൂറിന്റെ നിറവിൽ

**കണ്ണൂർ:** കെ എസ് ആർ ടി സി കണ്ണൂർ ഡിപ്പോയുടെ നേതൃത്വത്തിൽ നടത്തുന്ന ടൂർ പാക്കേജുകൾ 296 ട്രിപ്പുകൾ പൂർത്തിയാക്കി മുന്നൂറിലേക്ക് കടക്കുന്നു. ഈ ആഴ്ച പുറപ്പെടുന്ന പഞ്ചപാണ്ഡവ ക്ഷേത്ര ദർശനം, വാഗമൺ, മൂന്നാർ, വയനാട്, പൈതൽമല ട്രിപ്പോടുകൂടി 300 ലേക്ക് കടക്കുകയായാണ് ബഡ്ജറ്റ് ടൂറിസം സെൽ.

വാഗമൺ മൂന്നാർ. ആഗസ്റ്റ് 11ന് വൈകിട്ട് ഏഴ് മണിക്ക് കണ്ണൂരിൽ നിന്നും പുറപ്പെട്ട് ശനിയാഴ്ച രാവിലെ വാഗമണ്ണിൽ എത്തി ഓഫ് റോഡ് ജീപ്പ് സഫാരി, സൈറ്റ് സീയിങ്, ക്യാമ്പ് ഫയർ, ഹോട്ടലിൽ താമസം. രണ്ടാമത്തെ ദിവസം മൂന്നാറിൽ ചതുരംഗപാറ വ്യൂ പോയിന്റ്, പൊൻമുടി ഡാം, ആനയിറങ്ങൽ ഡാം, ഗ്യാപ് റോഡ് വ്യൂ പോയിന്റ്, ലോക്ക് ഹാർട്ട് വ്യൂ പോയിന്റ്, ഓറഞ്ച് ഗാർഡൻ, സിഗ്നൽ പോയിന്റ് എന്നിവ സന്ദർശിച്ച് തിങ്കളാഴ്ച രാവിലെ ആറ് മണിക്ക് കണ്ണൂരിൽ തിരിച്ചെത്തും.

വയനാട് ആഗസ്റ്റ് 13ന് രാവിലെ ആറ് മണിക്ക് പുറപ്പെട്ട് തുഷാരഗിരി വെള്ളച്ചാട്ടം, എൻ ഊര് ആദിവാസി പൈതൃക ഗ്രാമം, പൂക്കോട് തടാകം, ഹണി മ്യൂസിയം, ലക്കിടി വ്യൂ പോയിന്റ് ചങ്ങല മരം രാത്രി 11 മണിക്ക് കണ്ണൂരിൽ തിരിച്ചെത്തും.

പൈതൽമല പാലക്കയം തട്ട് ഏഴരക്കുണ്ട് വെള്ളച്ചാട്ടം ആഗസ്റ്റ് 13ന് രാവിലെ 6.30ന് പുറപ്പെട്ട് പൈതൽമല, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പാലക്കയം തട്ട് എന്നിവ സന്ദർശിച്ച് രാത്രി 8.30ന് തിരിച്ചെത്തും. ഫോൺ: 8089463675, 9496131288.

# സർക്കോമ
## രോഗവും ചികിത്സകളും

ആരോഗ്യം



**ഡോ. ശ്രീരാജ് രാജൻ**, കൺസൾട്ടന്റ്, ഓർത്തോപ്പീഡെക്ക് ഓങ്കോളജി, ആസ്റ്റർ മിംസ്, കാലിക്കറ്റ്

ഒരു കാലത്ത് ഏറെ ഭയത്തോടെ കണ്ടിരുന്ന രോഗമായിരുന്നു അർബുദം അഥവാ കാൻസർ. നൂറ് കണക്കിന് കാൻസർ വകഭേദങ്ങളുണ്ട്. ചിലതെല്ലാം അപൂർവമായി കണ്ട് വരുന്നതാണെങ്കിലും നൂതനമായ മികച്ച ചികിത്സയിലൂടെ പൂർണമായും ഭേദമാക്കാനുള്ള സാങ്കേതിക വിദ്യകൾ ഇന്നുണ്ട്. അത്തരത്തിലുള്ള ഒരിനം കാൻസറാണ് സർക്കോമ. ഞരമ്പുകൾ, പേശികൾ, സന്ധികൾ, കൊഴുപ്പ്, രക്തക്കുഴലുകൾ, എല്ലുകൾ തുടങ്ങി ശരീരത്തെ ബന്ധിപ്പിച്ച് നിർത്തുന്ന കോശങ്ങളെയാണ് (കണക്ടീവ് ടിഷ്യൂ) സർക്കോമ ബാധിക്കുന്നത്.

കാൻസർ കോശങ്ങളുടെ ഘടനയുടെ അടിസ്ഥാനത്തിൽ രണ്ട് തരത്തിലുള്ള സർക്കോമയാണുള്ളത്. അസ്ഥികളെ ബാധിക്കുന്ന ബോൺ കാൻസറും കോശങ്ങളെ ബാധിക്കുന്ന സോഫ്റ്റ് ടിഷ്യു സർക്കോമയുമാണിവ. കുട്ടികളെയും യുവാക്കളെയുമാണ് ബോൺ കാൻസർ കൂടുതലായി ബാധിക്കുന്നതെങ്കിൽ മധ്യവയസ്ക്കരിലാണ് സോഫ്റ്റ് ടിഷ്യൂ സർക്കോമ ഏറെയും കണ്ടുവരുന്നത്. എത്രയും വേഗം രോഗം കണ്ടെത്തി കൃത്യമായ ചികിത്സ നൽകാൻ കഴിഞ്ഞാൽ രോഗം പൂർണമായും ഭേദമാക്കാൻ കഴിയും.



### ബോൺ കാൻസർ

ഏറ്റവും കൂടുതലായി കണ്ടുവരുന്ന സർക്കോമ വകഭേദമാണ് അസ്ഥികളെ ബാധിക്കുന്ന ബോൺ കാൻസർ. സാധാരണയായി 10നും 20നും ഇടയിൽ പ്രായമുള്ളവരിലാണ് ഈ കാൻസർ കണ്ടുവരുന്നത്. ബോൺ കാൻസറിന്റെ മൂലകാരണം ഇനിയും കണ്ടെത്തിയിട്ടില്ലെങ്കിലും റേഡിയേഷനും ജനിതകമായ സവിശേഷതകളും രോഗത്തിന് കാരണമായേക്കാമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. അസ്ഥികളിൽ ബാധിക്കുന്ന കാൻസറാണെങ്കിലും ശ്വാസകോശത്തിലേക്ക് ഉൾപ്പടെ വ്യാപിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് രോഗികളുടെ ആരോഗ്യാവസ്ഥ കൂടുതൽ ബുദ്ധിമുട്ടിലാക്കും.



### സോഫ്റ്റ് ടിഷ്യൂ കാൻസർ

ഞരമ്പുകൾ, പേശികൾ, സന്ധികൾ, കൊഴുപ്പ്, രക്തക്കുഴലുകൾ, ടെന്റണുകൾ, സന്ധികളുടെ ലൈനിംഗുകൾ തുടങ്ങി ശരീരത്തിലെ മൃദു കോശങ്ങളെ ബാധിക്കുന്ന അപൂർവ കാൻസറാണിത്. ഏത് പ്രായക്കാരെയും ബാധിക്കാമെങ്കിലും 40 വയസിന് മുകളിലുള്ളവരിലാണ് കൂടുതലായി കണ്ടുവരുന്നത്. സാധാരണയായി കൈ കാലുകൾ, നെഞ്ച്, വയറിന്റെ പുറക് വശം, റിട്രോപെരിറ്റോണിയം എന്നിവിടങ്ങളിലാണ് കാണുന്നത്. ശ്വാസകോശം ഉൾപ്പെടെ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും പകരാനുള്ള സാധ്യത സോഫ്റ്റ് ടിഷ്യൂ കാൻസറുകളിലും വളരെ കൂടുതലാണ്.

### സർക്കോമയുടെ ലക്ഷണങ്ങൾ

കാലക്രമേണ കൂടി വരുന്ന, രാത്രിയിലും തുടരുന്ന കലശലായ അസ്ഥി വേദനയാണ് കുട്ടികളിലും ചെറുപ്പക്കാരിലും കണ്ടുവരുന്ന ബോൺ കാൻസറുകളുടെ പ്രധാന ലക്ഷണം. വൈദ്യസഹായവും മതിയായ വിശ്രമം ലഭിച്ചാലും വേദന മാറില്ല. അസ്ഥിക്ക് മുകളിൽ മുഴയോ വീക്കമോ തടിപ്പോ ഉണ്ടാകും. അസ്ഥിയിൽ കാൻസർ ബാധിച്ച കുട്ടികളിൽ എല്ലുകൾ ഒടിയാനുള്ള സാധ്യതയും കൂടുതലാണ്.

ശരീരത്തിൽ കാണപ്പെടുന്ന വേഗത്തിൽ വളരുന്ന മുഴകളും സോഫ്റ്റ് ടിഷ്യൂ സർക്കോമയുടെ ലക്ഷണങ്ങളാകാം. വേദനയുള്ളവയാകും ഇവയിൽ പലതും. ശസ്ത്രക്രിയക്ക് ശേഷവും കാണപ്പെടുന്ന മുഴകളും പേശികളിൽ ആഴത്തിൽ കാണപ്പെടുന്ന മുഴകളും കാൻസറാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

### സർക്കോമ ചികിത്സകൾ

ബോൺ കാൻസർ രോഗികൾക്ക് പ്രധാനമായും നൽകുന്നത് കീമോതെറാപ്പിയും ശസ്ത്രക്രിയയും സംയോജിപ്പിച്ചുള്ള ചികിത്സയാണ്. നേരത്തെ കാൻസർ ബാധിച്ച കൈയോ കാലോ മുറിച്ചു മാറ്റുന്നതായിരുന്നു രീതി. എന്നാൽ സാങ്കേതിക വിദ്യയുടെ വളർച്ചയോടെ ഇതിന് പകരമായി കൈ കാലുകൾ രക്ഷിക്കുന്ന ലിംബ് സേവിംഗ് ശസ്ത്രക്രിയകളാണ് ചെയ്യുന്നത്. ചെറിയ കുട്ടികളിൽ അസ്ഥികളുടെ വളർച്ചക്കനുസരിച്ച് വളരുന്ന കൃത്രിമ സംവിധാനമാണ് (എക്സ്പാൻഡബിൾ ആർട്ടിഫിഷ്യൽ പ്രോസ്റ്റസിസ്) ഉപയോഗിക്കുന്നത്. കംപ്യൂട്ടർ നാവിഗേഷൻ, ത്രീ ഡി പ്രിന്റിംഗ് തുടങ്ങിയവയും സ്വന്തം അസ്ഥി തന്നെ പുനരുപയോഗിക്കുന്ന നൂതനമായ ബയോളജിക്കൽ ഫിക്സേഷൻ രീതികളും ഇന്നുണ്ട്.

സോഫ്റ്റ് ടിഷ്യൂ ക്യാൻസർ രോഗികളിൽ ട്യൂമറിന്റെ സ്വഭാവത്തിനനുസരിച്ചാണ് ചികിത്സ നൽകുന്നത്. ഏത് ഭാഗത്താണ് ട്യൂമർ ഉണ്ടായത്, ഏത് തരം കാൻസറാണ്, രോഗിയുടെ പൊതുവായ ആരോഗ്യം, ട്യൂമറിന്റെ വ്യാപനം തുടങ്ങിയവയെ ആശ്രയിച്ചാണ് ചികിത്സ. ലിംബ് സേവിംഗ് ശസ്ത്രക്രിയയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പിന്നീട് റേഡിയോ തെറാപ്പി, കീമോതെറാപ്പി എന്നിവയുടെ സഹായത്തോടെ അവശേഷിക്കുന്ന കാൻസർ കോശങ്ങളെയും നശിപ്പിക്കുക കൂടി ചെയ്യും.

### രോഗനിർണയവും തുടർ പരിശോധനകളും നിർബന്ധം

മറ്റ് രോഗങ്ങളിൽ നിന്നും കാൻസറിന്റെ രൂപങ്ങളിൽ നിന്നും സർക്കോമയെ വ്യത്യസ്തമാക്കുന്നത് രോഗത്തിന്റെ അപൂർവതയും ഇനിയും കണ്ടെത്താത്ത മൂലകാരണവുമാണ്. അതുകൊണ്ട് തന്നെ ചെറിയ ലക്ഷണങ്ങൾ പോലും കണ്ടെത്തുകയും എത്രയും വേഗം ചികിത്സ ആരംഭിക്കേണ്ടതും അത്യാവശ്യമാണ്. ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ രോഗം കണ്ടെത്തിയാൽ നേരത്തെ തന്നെ വിദഗ്ധ ചികിത്സ നൽകാനാകും. ചികിത്സക്ക് ശേഷവും വീണ്ടും കാൻസർ വരാനുള്ള സാധ്യത ഉള്ളതിനാൽ കൃത്യമായ ഇടവേളകളിൽ തുടർ പരിശോധനകൾ നിർബന്ധമായും ചെയ്യണം.

# പെട്ടിക്കടകളുടെ നികുതി കുറച്ചു; മൊബൈൽ ടവറുകൾക്ക് കൂട്ടി




**തിരുവനന്തപുരം:** നഗരത്തിൽ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിക്കടകൾ, മാറ്റി സ്ഥാപിക്കാവുന്ന ബങ്കുകൾ എന്നിവയിൽ നിന്ന് ഈടാക്കിയിരുന്ന കെട്ടിട നികുതി കുത്തനെ കുറച്ച് കോർപറേഷൻ. ചതുരശ്ര മീറ്ററിന് 80 രൂപയാണ് നിലവിൽ ഈടാക്കിയിരുന്ന നിരക്ക്. ഇത് 22 രൂപയായി കുറച്ചു. പെട്ടി കടകളിൽ നിന്ന് പത്ത് രൂപയ്ക്കും 22 രൂപയ്ക്കും ഇടയ്ക്കുള്ള നിരക്ക് ഈടാക്കാനാണ് നികുതി പരിഷ്കരണ വിജ്ഞാപനത്തിൽ സർക്കാർ നിർദേശിച്ചത്.

ഏറ്റവും കൂടുതൽ നികുതി ചുമത്തിയിരിക്കുന്നത് മൊബൈൽ ടവറുകൾക്കാണ്. 800 രൂപ. നിലവിൽ 500 രൂപയാണ് മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കുന്നത്. അമ്യൂസ്മെന്റ് പാർക്കുകൾക്ക് നിലവിലെ നിരക്കായ 60 രൂപ തന്നെ നിലനിർത്തി. വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് നിലവിലെ നിരക്കിൽ നിന്ന് പത്തു രൂപ കൂട്ടി. സർക്കാർ ഓഫിസുകളുടെ നിരക്ക് 80 ൽ നിന്ന് 22 ആയി കുറച്ചപ്പോൾ മറ്റ് ഓഫിസ് കെട്ടിടങ്ങളിൽ നിന്ന് ഈടാക്കിയിരുന്ന നികുതി 80 ആയി നിലനിർത്തി.

വാസ ഗൃഹങ്ങൾ, ഹോട്ടലുകൾ എന്നിവയുടെ ഭാഗമായി നിർമിച്ചിട്ടുള്ള സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യം, ടർഫുകൾ എന്നിവയ്ക്ക് ആ കെട്ടിടത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് ഈടാക്കും.ഈ ഗണത്തിൽ പെടാത്തതും വാണിജ്യ സ്വഭാവമുള്ളതുമായ സ്വിമ്മിങ് പൂൾ, ജിംനേഷ്യം, ടർഫ് തുടങ്ങിയവയ്ക്ക് 60 രൂപയാണ് ചതുരശ്ര മീറ്ററിന് നിശ്ചയിച്ചിട്ടുള്ള നിരക്ക്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോംപൗണ്ടിലുള്ള വിദ്യാഭ്യാസ ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന ഓഡിറ്റോറിയം, കന്റീൻ തുടങ്ങിയവയുടെ നികുതി ചതുരശ്ര മീറ്ററിന് 20 രൂപയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഇവ വാടകയ്ക്ക് നൽകിയാൽ വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് നൽകാമെന്ന് കെട്ടിട ഉടമ സത്യവാങ്മൂലം നൽകണം.

# ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് അടുത്ത ഡിസംബറിനകം



**കൊച്ചി :** ഭാരത് പെട്രോളിയം കോർപറേഷൻ (ബിപിസിഎൽ) ബ്രഹ്മപുരത്ത് നിർമിക്കുന്ന കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി) പ്ലാന്റ് അടുത്ത വർഷം ഡിസംബറിനകം സജ്ജമാകും. പ്ലാന്റിനുള്ള വിശദമായ പദ്ധതി രേഖ (ഡിപിആർ) തയാറാക്കാനുള്ള നടപടികൾ ബിപിസിഎൽ ആരംഭിച്ചു. ഡിപിആർ തയാറാക്കാനായി ഗുഡ്ഗാവ് കേന്ദ്രമായ എയ്റോക്സ് ഏജൻസിയെ ചുമതലപ്പെടുത്തി. ഒക്ടോബറിനകം ഡിപിആർ തയാറാക്കി സമർപ്പിക്കാനാണു സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുള്ളത്.

ബ്രഹ്മപുരത്ത് ദീർഘകാലാടിസ്ഥാനത്തിൽ 10 ഏക്കർ ഭൂമിയാണു പ്ലാന്റ് നിർമാണത്തിനു വേണ്ടി കോർപറേഷൻ സൗജന്യമായി ബിപിസിഎല്ലിനു കൈമാറുക. പ്രതിദിനം 150 ടൺ ശേഷിയുള്ള സിബിജി പ്ലാന്റാണു നിർമിക്കുക. ആവശ്യമെങ്കിൽ പിന്നീട് ശേഷി വർധിപ്പിക്കും. പ്രതിദിനം 150 ടൺ ജൈവ മാലിന്യത്തിന്റെ ലഭ്യത കോർപറേഷൻ ഉറപ്പാക്കും. പ്ലാന്റിന് ആവശ്യമായ വെള്ളവും വൈദ്യുതിയും നിരക്കിളവിൽ ലഭ്യമാക്കുമെന്നു സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്.

പ്ലാന്റിലേക്ക് എത്തിക്കുന്ന മാലിന്യത്തിൽ സംസ്കരിക്കാൻ കഴിയാത്തത് നീക്കം ചെയ്യാൻ കോർപറേഷൻ ബിപിസിഎല്ലിനെ സഹായിക്കും. ചെറിയ പ്ലാന്റ് ആയതിനാൽ സിബിജി ഉൽപാദനത്തിൽ നിന്നു കോർപറേഷനു വരുമാനം ലഭിക്കില്ല. ബ്രഹ്മപുരത്തെ പ്ലാന്റിൽ നിന്നുള്ള ബയോഗ്യാസ് പൈപ്പ്‌ലൈൻ വഴി അമ്പലമുകളിലെ ബിപിസിഎൽ പ്ലാന്റിലെത്തിക്കും. ബിപിസിഎല്ലിന്റെ സ്വന്തം ആവശ്യത്തിനു വേണ്ടിയാണു ഉപയോഗിക്കുക.

ബയോഗ്യാസിൽ നിന്ന് ഹൈഡ്രജൻ സൾഫൈഡ്, കാർബൺ !ഡയോക്സൈഡ്, ജലാംശം എന്നിവ നീക്കം ചെയ്ത ശേഷം കംപ്രസ് ചെയ്തെടുക്കുന്നതാണു കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി). ബയോഗ്യാസിൽ 50, 60% മീഥൈൻ ആണ് അടങ്ങിയിട്ടുള്ളതെങ്കിൽ സിബിജിയിൽ 90 ശതമാനത്തിനു മുകളിലാണു മീഥൈൻ സാന്നിധ്യം. സിഎൻജിക്കു സമാനമായ രീതിയിൽ കലോറിഫിക് മൂല്യം (ജ്വലന ശേഷി) ഉള്ളതിനാൽ വാഹനങ്ങളിൽ പോലും ഇത് സിഎൻജിക്കു പകരം ഇന്ധനമായി ഉപയോഗിക്കാം. എണ്ണ റിഫൈനറിയിലെ ബോയ്‌ലറിയിൽ ഇന്ധനമായി സിബിജി ഉപയോഗിക്കാനാണു ലക്ഷ്യമിടുന്നത്.

## ടൂറിസം സ്പോട്ടാകാൻ ഓമനപ്പുഴ; തീരദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ചർച്ച

**കലവൂർ:** ഓമനപ്പുഴ തീരദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് അധികൃതർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി ചർച്ച തുടങ്ങി. ഇതിന് മുന്നോടിയായി ഓണക്കാലത്ത് 2 ദിവസത്തെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാനാണ് തീരുമാനം. ആലപ്പുഴയ്ക്കും മാരാരിക്കുളം ബീച്ചിനും മധ്യേയുള്ള പ്രകൃതി രമണീയമായ സ്ഥലമാണ് ഓമനപ്പുഴ. ചില സിനിമ ചിത്രീകരണങ്ങളും ഇവിടെ നടന്നിട്ടുണ്ട്. വിശാലമായ പൊഴിമുഖമാണ് പ്രത്യേകത. കടപ്പുറത്തെ തെങ്ങിൻ തോപ്പും കണ്ടൽക്കാടും ആകർഷകമാണ്.

മാരാരിക്കുളം തെക്ക് പഞ്ചായത്ത് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓമനപ്പുഴയുടെ ടൂറിസം വികസനത്തിനായി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ഓണത്തോട് അനുബന്ധിച്ച് രണ്ടു ദിവസത്തെ കലാമേളയാണ് തീരത്ത് നടത്തുക. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നിർവാഹക സമിതിയംഗം കെ.ആർ.ഭഗീരഥൻ, പഞ്ചായത്ത് പ്രസിഡന്റ് പി.പി.സംഗീത, വൈസ് പ്രസിഡന്റ് ടി.സജി, പഞ്ചായത്ത് അംഗം പി.എസ്.ശിഖി വാഹനൻ, സി.എസ്.ജയചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ഓമനപ്പുഴ ബീച്ചിൽ സന്ദർശനവും നടത്തി.

## പായൽ കൂട്ടമായെത്തി, മത്സ്യബന്ധനം പ്രതിസന്ധിയിൽ

**പള്ളുരുത്തി:** കാലംതെറ്റിയെത്തിയ പോളപ്പായൽ മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയാകുന്നു. കുമ്പളങ്ങി, ഇടക്കൊച്ചി, പെരുമ്പടപ്പ് മേഖലയിലെ ഉൾനാടൻ ജലാശയങ്ങളിലേക്കാണ് പായൽ കൂട്ടമായെത്തിയത്.

ഇതുമൂലം ചെറുവള്ളങ്ങൾ കായലിൽ ഇറക്കാൻ കഴിയാത്ത അവസ്ഥയായി. നീട്ടുവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കാണ് ഏറെ ബുദ്ധിമുട്ട്. കായലിനു കുറുകെ ഇടുന്ന വലയിൽ പോളപ്പായൽ കയറി ബുദ്ധിമുട്ട് ഉണ്ടാകുന്നു. മാത്രമല്ല, പായൽ മൂലം ചീനവലകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഇത് തുടർന്നാൽ സ്ഥിതി രൂക്ഷമാകുമെന്ന് തൊഴിലാളികൾ പറയുന്നു. മുൻപ് കന്നി മാസത്തിലാണ് പായലുകൾ കായലിലേക്ക് എത്തിയിരുന്നത്. എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി കാലംതെറ്റിയാണ് ഇവയെത്തുന്നത്. പായൽക്കൂട്ടത്തിൽ പെട്ട് ഒഴുകിയെത്തുന്ന പാമ്പുകളും നാട്ടുകാർക്ക് ശല്യമാകുന്നു. ഉറവിടങ്ങളിൽ നിന്നുതന്നെ പായൽകൂട്ടത്തെ നശിപ്പിക്കണമെന്നാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം.

## ആശ്വാസ കിരണം' 15 കോടി ചെലവഴിക്കാൻ അനുമതി

**തിരുവനന്തപുരം:** ആശ്വാസ കിരണം'പദ്ധതിയുടെ 202324 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി പതിനഞ്ച് കോടി രൂപ ചെലവഴിക്കാൻ അനുമതി നൽകിയതായി മന്ത്രി ആർ ബിന്ദു പറഞ്ഞു.

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും മറ്റു ഗുരുതര രോഗമുള്ളവരെയും ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ധനസഹായം നല്കുന്ന പദ്ധതിയാണ് 'ആശ്വാസ കിരണം'. ആശ്വാസകിരണം പദ്ധതി നടത്തിപ്പിനായി 2023 24 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 54 കോടി രൂപ വകയിരുത്തിയതിൽ നിന്നാണ് 15 കോടി രൂപ വിനിയോഗിക്കാൻ അനുമതിയായത്.

ആശ്വാസകിരണം പദ്ധതിക്ക് കീഴിലുള്ള എല്ലാ ഗുണഭോക്താക്കളുടേയും ലൈഫ് സർട്ടിഫിക്കറ്റ്, ആധാർ ലിങ്ക് ചെയ്യൽ തുടങ്ങിയ നടപടിക്രമങ്ങൾ നിർബന്ധമായും പൂർത്തീകരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

## ആവിഷ്ക്കാര സ്വാതന്ത്ര്യമുള്ള നാടാണ് കേരളം: തിലോത്തമ ഷോം

**തിരുവനന്തപുരം:** ആവിഷ്കാര സ്വാതന്ത്ര്യം കലയിലൂടെ കൃത്യമായി അവതരിപ്പിക്കുന്ന നാടാണ് കേരളം എന്നും നല്ല ചിത്രങ്ങൾ നിർമ്മിക്കപ്പെടുന്നതിനൊപ്പം അവയുടെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു എന്നത് കേരളത്തെ വ്യത്യസ്തമാക്കുന്നു എന്നും തിലോത്തമ ഷോം. പതിനഞ്ചാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചിത്ര മേളയിലെ ഇൻ കോൺവെർസേഷനിൽ എഴുത്തുകാരിയും വിവർത്തകയും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയുമായ കൈകസി വി എസ്സുമായി സംസാരിക്കുകയായിരുന്നു തിലോത്തമ

സ്ത്രീകേന്ദ്രീകൃത കഥ എന്നതിനേക്കാൾ യുക്തി ഭദ്രമായ അവതരണത്തിന് പ്രധാന്യം നൽകുന്ന സിനിമകളാണ് ഉണ്ടാകേണ്ടതെന്നും അപ്പോഴാണ് ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുകയെന്നും അവർ അഭിപ്രായപ്പെട്ടു.ഒ.റ്റി.റ്റി, തിയേറ്റർ, വെബ് സീരീസ്, ഷോർട്ട് ഫിലിം തുടങ്ങി ഏത് പ്ലാറ്റ്ഫോമിലായാലും അഭിനയം അഭിനയം തന്നെയാണ്. അതേക്കുറിച്ച് അഭിനേതാക്കൾ ആശങ്കപ്പെടേണ്ടതില്ല. അഭിനയം മറ്റേല്ലൊത്തിനെയും പോലുള്ള ഒരു പ്രൊഫഷനാണ് എന്നും അവർ ചൂണ്ടികാട്ടി.

# വേൾഡ് സ്ട്രോക് ഓർഗനൈസേഷന്റെ ഡയമണ്ട് പുരസ്കാരം കോഴിക്കോട് ആസ്റ്റർ മിംസിന്

**കോഴിക്കോട്:** സ്ട്രോക് രോഗ ചികിത്സയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര അംഗീകാരവുമായി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രി. വേൾഡ് സ്ട്രോക് ഓർഗനൈസേഷന്റെ ഡബ്ല്യൂ.എസ്.ഒ എയ്ഞ്ചൽസ് ഡയമണ്ട് പുരസ്കാരമാണ് തുടർച്ചയായ പത്താം വർഷവും ആസ്റ്റർ മിംസിനെ തേടിയെത്തിയത്.സ്ട്രോക്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും ആധികാരിക സംഘടനയാണ് വേൾഡ് സ്ട്രോക് ഓർഗനൈസേഷൻ. ചികിത്സയിൽ ഉന്നത നിലവാരം പുലർത്തുന്നതിന് വേൾഡ് സ്ട്രോക് ഓർഗനൈസേഷൻ നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ കൃത്യമായി പരിശോധിക്കുകയും ഉന്നത നിലവാരം പുലർത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിനു ശേഷമാണു അവാർഡുകൾ നിശ്ചയിക്കുന്നത്. പത്ത് തവണ ഡയമണ്ട് അവാർഡ് കരസ്ഥമാക്കുന്ന ഇന്ത്യയിലെ ഏക ആശുപത്രി എന്ന അപൂർവ നേട്ടവും ആസ്റ്റർ മിംസ് സ്വന്തമാക്കിയതായി ആശുപത്രി അധികൃതർ വ്യക്തമാക്കി. സ്ട്രോക്ക് ബാധിതനായ വ്യക്തി ആശുപത്രിയിലെത്തുന്നത് മുതൽ നൽകുന്ന ചികിത്സകളുടെ വിവിധ ഘട്ടങ്ങളും രോഗി എത്തിച്ചേർന്നത് മുതൽ രോഗനിർണയത്തിനെടുക്കുന്ന പരിശോധനകൾക്കിടയിലെ സമയവുമെല്ലാം വിശദമായി വിലയിരുത്തിയാണ് പുരസ്കാരം നൽകുന്നത്. വേൾഡ് സ്ട്രോക് ഓർഗനൈസേഷനിൽ നേരത്തെ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഡാറ്റബേസ് പരിശോധിച്ചാണ് ഇതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നത്.സ്ട്രോക് ചികിത്സ നൽകുന്ന ഇന്ത്യയിലെ എല്ലാ പ്രമുഖ ആശുപത്രികളും വേൾഡ് സ്ട്രോക് ഓർഗനൈസേഷനിൽ അംഗങ്ങളാണ്. ഇത്തരം ആശുപത്രികൾക്കിടയിൽ നിന്ന് ഏറ്റവും മികച്ചസ്ഥാനം കഴിഞ്ഞ 10 തവണയും നിലനിർത്താൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണെന്നും കോഴിക്കോട് ആസ്റ്റർ മിംസിലെ ന്യൂറോസയൻസസ് വിഭാഗം മേധാവി ജേക്കബ് പി ആലപ്പാട്ട് പറഞ്ഞു. ആസ്റ്റർ സ്ട്രോക്ക് സെന്ററുമായി 9539000789 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# സ്വീഡിഷ് ഏജൻസിയിൽ 220 കോടി ഡോളർ ഫണ്ട് നേടി ജിയോ

**കൊച്ചി/മുംബൈ:**5ജി നെറ്റ്‌വർക്ക് വിപുലീകരിക്കുന്നതിനുള്ള ഉപകരണങ്ങൾക്കായി സ്വീഡിഷ് കയറ്റുമതി ക്രെഡിറ്റ് ഏജൻസിയായ ഇ കെ എന്നിൽ നിന്ന് 2.2 ബില്യൺ ഡോളർ ഫണ്ട് പിന്തുണ ലഭിച്ചതായി ടെലികോം സേവനദാതാക്കളായ റിലയൻസ് ജിയോ അറിയിച്ചു. 5ജി നെറ്റ്‌വർക്ക് വിന്യസിക്കുന്നതിനായി സ്വീഡിഷ് കമ്പനിയായ എറിക്സണിൽ നിന്നും ഫിന്നിഷ് കമ്പനിയായ നോക്കിയയിൽ നിന്നും കമ്പനി വലിയ തോതിൽ ടെലികോം ഗിയറുകൾ വാങ്ങിയിരുന്നു.ആഗോളതലത്തിൽ തന്നെ ഒരു സ്വകാര്യ കോർപ്പറേറ്റിന് ഇ കെ എൻ നൽകിയ ഏറ്റവും വലിയ പിന്തുണയാണിത്. ജിയോ ആദ്യമായാണ് ഒരു സ്വീഡിഷ് എക്സ്പോർട്ട് ക്രെഡിറ്റ് ഏജൻസിയുമായി കൈകോർക്കുന്നത്. ജിയോയുടെ ഇന്ത്യ ഒട്ടാകെയുള്ള 5ജി വിന്യാസവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾക്കും സേവനങ്ങൾക്കും ധനസഹായം നൽകുന്നതിനായി ഈ ഫണ്ടിൽ നിന്ന് ലഭിക്കുന്ന വരുമാനം വിനിയോഗിക്കും.ലോകത്താകമാനം ടെലികോം ഗിയർ കയറ്റുമതിയിൽ കുറവുണ്ടായപ്പോൾ, റിലയൻസ് ജിയോയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന 5ഏ റോൾഔട്ട് എറിക്സണിന്റെയും നോക്കിയയുടെയും ബിസിനസ്സിലെ ഇടിവ് നികത്താൻ സഹായിച്ചു. 2023 ജൂൺ പാദത്തിൽ വിൽപ്പനയിൽ 74 ശതമാനം വളർച്ചയോടെ ഏകദേശം 10,700 കോടി രൂപ നേടിയതായി എറിക്സൺ റിപ്പോർട്ട് ചെയ്തു, അതിൽ 90 ശതമാനം ബിസിനസും ഇന്ത്യയിൽ നിന്നാണ്. 2023 ജൂൺ പാദത്തിൽ നോക്കിയയുടെ ഇന്ത്യയിലെ വിൽപ്പന 333 ശതമാനം വളർച്ചയോടെ ഏകദേശം 9,500 കോടി രൂപയായി.2023 മാർച്ചോടെ രാജ്യത്തുടനീളമുള്ള മൊത്തം 5ജി ബേസ് സ്റ്റേഷനുകളിൽ 80% വിഹിതം ജിയോയുടേതാണെന്ന് റിലയൻസ് ഇൻഡസ്ട്രീസ് വാർഷിക റിപ്പോർട്ടിൽ പറയുന്നു.

# മെഡിക്കൽ കോളേജിൽ പുസ്തക ശേഖരമൊരുക്കി രാജഗിരി കോളേജ്



**കളമശ്ശേരി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെയും രാജഗിരി സോഷ്യൽ സയൻസിന്റെയും ആഭിമുഖ്യത്തിൽ സൈകാട്രിക് വിഭാഗത്തിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി പുസ്തക ശേഖരം ആരംഭിച്ചു.പുസ്തക വായനയിലൂടെ മാനസിക ഉല്ലാസം കണ്ടെത്തി മാനസിക സമ്മർദ്ദം കുറക്കുക എന്നതാണ് ബുക്ക് ഫോർ ഹീലിംഗ് എന്ന ആശയം മുന്നോട്ട് വക്കുന്നത്. രാജഗിരി കോളേജ് ലൈബ്രറി സയൻസ് വിഭാഗം, ഫാ. മോസസ് ലൈബ്രറി, സ്റ്റാഫ് വെൽഫയർ അസോസിയേഷൻ, എൻ. എസ്. എസ് എന്നിവർ സംയുക്തമായി ശേഖരിച്ച പുസ്തകങ്ങളാണ് മെഡിക്കൽ കോളേജിന് കൈമാറിയത്.അനേകം രോഗികൾക്ക് ആശ്വാസകരമാകുന്ന പദ്ധതി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ഷിന്റോ ജോസഫ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രതാപ് എസ്. നു പുസ്തകങ്ങൾ കൈമാറിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ എം. മാനസിക രോഗ വിഭാഗം മേധാവി ഡോ. അനിൽ കുമാർ, ഡോ. ജെയ്മോൻ പി. എം നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ബീന എം. ആർ, നഴ്സിംഗ് സൂപ്രണ്ട് ശാന്തമ്മ ഇ. സി, സിസ്റ്റർ മേരി ജോർജ്, കോളേജ് യൂണിയൻ ഭാരവാഹികൾ,രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ലൈബ്രറി വിഭാഗം അധ്യാപകരും ഫാ. മോസസ് ലൈബ്രറി സ്റ്റാഫ് വെൽഫയർ അസോസിയേഷൻ അംഗങ്ങൾ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. മാനസിക രോഗ വിഭാഗത്തിലേക്കുള്ളലൈബ്രറിയുടെ തുടർ പ്രവർത്തനങ്ങൾക്ക് വേണ്ട എല്ലാ സഹകരണങ്ങളും രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്നുന്ന് അറിയിച്ചിട്ടുണ്ട്. ഇനിയും പുസ്തകങ്ങൾ സംഭാവന നൽകാൻ താല്പര്യപ്പെടുന്നവർക്ക് പുസ്തകങ്ങൾ നൽകാവുന്നതാണെന്നു മാനസിക രോഗ വിഭാഗം മേധാവി അനിൽ കുമാർ അറിയിച്ചു.

## ഹിന്ദി കവിത രചന മത്സരം

**കൊച്ചി:** നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാം. 'അനൂഠാ നാരിയൽ മഹിമ അപാർ'(അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി11 എന്ന വിലാസത്തിൽ സെപ്റ്റംബർ 11ന് വൈകിട്ട് 5.30 നകം ലഭിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കും. വിശദവിവരങ്ങൾക്ക്: 04842377266 എക്സ്റ്റൻഷൻ 145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വരയുത്സവം: സോണൽ ഡിആർജി പരിശീലനം ആരംഭിച്ചു

**കൊച്ചി:** കുത്തിവരയിൽ നിന്ന് തുടങ്ങി പ്രതീകാത്മക ചിത്രങ്ങൾ വരയ്ക്കുന്ന പ്രീ സ്കൂൾ കുട്ടികൾക്ക് നേടേ വികാസ മേഖലകളും ശേഷികളും ആർജ്ജിക്കുന്നതിനു വേ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്രശിക്ഷാ കേരളം നടത്തുന്ന പത്ത് ഉത്സവങ്ങളിൽ രാമത്തെ ഉത്സവമാണ് വരയുത്സവം. വരകളിലൂടെയുള്ള പ്രീ പ്രൈമറി കുട്ടികളുടെ ആശയ രൂപീകരണമാണ് ഈ ഉത്സവം വിഭാവനം ചെയ്യുന്നത്. വരയുത്സവത്തിന്റെ മേഖലാതല ഡിആർജി പരിശീലനം ആലുവ ചുണങ്ങംവേലി നിവേദിത സെന്ററിൽ ആരംഭിച്ചു. എറണാകുളം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, തൃശൂർ ജില്ലകളിൽ നിന്നായി 50 അധ്യാപകരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. ഇവർ ഓരോ ജില്ലയിലുമുള്ള പ്രീ പ്രൈമറി അധ്യാപകർക്ക് വെള്ളി, ശനി ദിവസങ്ങളിലായി പരിശീലനം നൽകും. ജൂലൈ മാസത്തിൽ കഥയുത്സവത്തിന്റെ തുടർച്ചയായാണ് വരയുത്സവം സംഘടിപ്പിക്കുന്നത്. വരയുത്സവ ഉദ്ഘാടനം ഡയറ്റ് പ്രിൻസിപ്പൽ ജി.എസ് ദീപ് നിർവ്വഹിച്ചു. എസ്.എസ്.കെ എറണാകുളം ജില്ല പ്രോജക്ട് കോർഡിനേറ്റർ ബിനോയ് കെ. ജോസഫ് അധ്യക്ഷം വഹിച്ചു. പ്രോഗ്രാം ഓഫീസർമ്മാരായ മെർലിൻ ജോർജ്, ദീപ ദേവി, ഡോ.എസ് സുജാ മോൾ, കെ എച്ച്. സിന്ധു, ഷബീന ബീവി എന്നിവർ സംസാരിച്ചു.

## സാന്ത്വനം ബോധവത്ക്കരണ പരിപാടി

**കൊച്ചി:** താലൂക്കിലെ മുഴുവൻ സ്ത്രീകൾക്കും നിയമസാക്ഷരതയിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിലൂന്നി 'സാന്ത്വനം' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ബോധവൽക്കരണ പരിപാടി ടിഎൽഎസ്.സി ചെയർമാൻ കൂടിയായ ഡിസ്ട്രിക്റ്റ് ജഡ്ജ് എ.എഫ് വർഗ്ഗീസ് ഉദ്ഘാടനം നിർവഹിക്കും. ആലുവ മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ ഇന്ന് രാവിലെ 10 ന് നടക്കുന്ന പരിപാടിയിൽ മുനിസിപ്പൽ ചെയർമാൻ എം.ഒ ജോൺ അധ്യക്ഷനാകും. അഡ്വ. സുദർശന കുമാർ വിഷയമവതരിപ്പിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ ആലുവ, മട്ടാഞ്ചേരി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്കായി നടത്തുന്ന മൂന്ന് ദിവസത്തെ സൗജന്യ കൗൺസിലിംഗ് ക്ലാസ് ' പാത് സോഷ്യൽ ലൈഫ് വെൽനെസ്സ് പ്രോഗ്രാം 2023 2024' സംഘടിപ്പിക്കുന്നതിനായി ജില്ലയിലെ സർക്കാർ/ എയ്ഡഡ് / അഫിലിയേറ്റഡ് കോളേജുകൾ, അംഗീകാരമുള്ള സംഘടനകൾ, മഹല്ല് ജമാഅത്തുകൾ, ചർച്ച് കമ്മിറ്റികൾ വഖ്ഫ് ബോർഡ് തുടങ്ങിയവയിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.ക്ലാസുകൾ നടത്താനുള്ള സൗകര്യം സംഘാടകർ ഒരുക്കണം. 35 പേരിൽ കുറയാത്ത, ക്ലാസ്സിൽ പങ്കെടുക്കാൻ തയ്യാറുള്ള യുവതി യുവാക്കളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. ജില്ലയിലെ അപേക്ഷകർ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളായ ആലുവ മട്ടാഞ്ചേരി പ്രിൻസിപ്പൽമാർക്ക് ഓഗസ്റ്റ് 19 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ : 9847383617, 7356637887

## ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

കൊച്ചി: കളമശേരി ഗവ. വനിത ഐ.ടി.ഐ യിൽ ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ പ്ലസ് ടു മുതൽ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ ഇൻറർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 8075918569

## ആകാശ എയർ കൊമേർഷ്യൽ ഓപ്പറേഷൻ ഒരു വർഷം പൂർത്തിയാക്കി




**കൊച്ചി:** ആകാശ എയർ ് ഇന്ത്യൻ ആകാശത്ത് കൊമേർഷ്യൽ ഓപ്പറേഷന്റെ ഒരു വർഷം പൂർത്തിയാക്കി. 2022 ആഗസ്റ്റ് 07 ന് മുംബൈയിൽ നിന്ന് അഹമ്മദാബാദിലേക്ക് ആയിരുന്നു എയർലൈൻ ആദ്യത്തെ കൊമേർഷ്യൽ ഫ്ളൈറ്റ് പറത്തിയത്, അനുഭാവത്തോടെയുള്ള സേവന സംസ്കാരവും കൂടുതൽ താങ്ങാനാവുന്ന ചോയിസുകളും ഇന്ത്യക്കാർക്ക് കൂടുതൽ കണക്റ്റിവിറ്റിയും ലഭ്യമാക്കി, ഇത് ഇന്ത്യൻ ഏവിയേഷന്റെ വളർച്ചയുടെ പുതിയ ഘട്ടത്തിലേക്കാണ് അത് ആനയിച്ചത്.

## 9,999 രൂപയ്ക്ക് പോക്കോ എം സിക്സ് പ്രൊ 5 ജി

**കൊച്ചി:**നൂതനമായ ഉപഭോക്തൃ സാങ്കേതികവിദ്യയിൽ മുൻനിരയിലുള്ള പോക്കോ ഇന്ത്യ, ങ സീരീസ് ശ്രേണിയിലേക്ക് ഒരു മികവാർന്ന കൂട്ടിച്ചേർക്കലായി പോക്കോ M6 Pro 5G അവതരിപ്പിച്ചു. പോക്കോ M6 Pro 5ഏയുടെ ഐസിഐസിഐ ബാങ്കിന്റെ 1,000 രൂപ കിഴിവ് ബാധകമാക്കിയതിന് ശേഷം 4+64GB വേരിയന്റിന് 9,999 രൂപയും 6+128GB വേരിയന്റിന് 11,999 രൂപയുമാണ് വില. 2023 ഓഗസ്റ്റ് 9 മുതൽ ഫോറസ്റ്റ് ഗ്രീൻ, പവർ ബ്ലാക്ക് എന്നീ നിറങ്ങളിൽ ഈ സ്മാർട്ട്ഫോൺ ഫ് ളിപ്പ്കാർട്ടിൽ ലഭ്യമാകു മെന്ന് കമ്പനി അധികൃതർ അറിയിച്ചു

## സാംസങ് 'ഫ്രീഡം ഫെസ്റ്റ്' പ്രഖ്യാപിച്ചു

**കൊച്ചി:** തുടർച്ചയായ 17 വർഷമായി ആഗോളതലത്തിൽ ഒന്നാം സ്ഥാനത്തുള്ള ടിവി ബ്രാൻഡായ സാംസങ്, നിയോ ക്യുഎൽഇഡി ടിവി, ഒഎൽഇഡി ടിവി, ക്യുഎൽഇഡി ടിവി, ക്രിസ്റ്റൽ 4ഗ യുഎച്ച്ഡി ടിവി എന്നിവയുൾപ്പെടെ വലിയ സ്ക്രീനുള്ള ടെലിവിഷനുകളിൽ ആവേശകരമായ ഡീലുകളോടെ സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി ഫ്രീഡം ഫെസ്റ്റ് ഓഫറുകൾ പ്രഖ്യാപിച്ചു. വലിയ സ്ക്രീനുകളിലേക്കും അത്യാധുനിക സാങ്കേതിക വിദ്യകളിലേക്കും അപ്ഗ്രേഡ് ചെയ്ത് ഗാർഹിക വിനോദത്തിനുള്ള സജ്ജീകരണം നവീകരിക്കാനും വീടിന്റെ സുഖസൗകര്യത്തിലിരുന്ന് ആഴമേറിയ കാഴ്ചാനുഭവം നേടാനും ഫ്രീഡം ഫെസ്റ്റ് ഓഫറുകൾ ഉപഭോക്താക്കൾക്ക് മികച്ച അവസരം നൽകുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി

## ഐസിഐസിഐ ബാങ്ക് മൺസൂൺ ബൊനാൻസ പ്രഖ്യാപിച്ചു

**കൊച്ചി:** നിരവധി ആനുകൂല്യങ്ങളും ഇളവുകളുമായി ഐസിഐസി ബാങ്ക് മൺസൂൺ ബൊനാൻസ പ്രഖ്യാപിച്ചു. തെരഞ്ഞെടുത്ത ആപ്പിൾ സ്റ്റോറുകളിൽ 2341 രൂപ പ്രതിമാസ തവണകളുമായി ഐഫോൺ 14, ഇലക്ട്രോണിക് സ്റ്റോറുകളിൽ ഐസിഐസിഐ ബാങ്ക് കാർഡുകൾ ഉപയോഗിക്കുമ്പോൾ 26,000 രൂപ വരെ ക്യാഷ് ബാക്ക്, യാത്രാഅവധിക്കാല ബുക്കിങ്ങുകൾക്ക് 20,000 രൂപ വരെ ഇളവ് തുടങ്ങിയ നിരവധി ആനുകൂല്യങ്ങളാണുള്ളത്. ഓൺലൈൻ ഷോപ്പിങ്, ഡൈനിങ്, ഭക്ഷണം ഓർഡർ ചെയ്യൽ, ആരോഗ്യസൗന്ദര്യ സംരക്ഷണ ഉൽപന്നങ്ങൾ, സമ്മാനങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽ ആനുകൂല്യങ്ങളും ഇളവുകളുമുണ്ട്. ബാങ്കിന്റെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളും ഇന്റർനെറ്റ് ബാങ്കിങ്ങും ഉപയോഗിച്ച് 50 ശതമാനം വരെ ഇളവുകളും ക്യാഷ്ബാക്കുകളും നേടാം. ആകർഷകമായ ഇഎംഐ ആനുകൂല്യങ്ങളുമുണ്ട്.മൺസൂൺ ബൊനാൻസയുടെ മൂന്നാമത് പതിപ്പാണ് ബാങ്ക് പ്രഖ്യാപിക്കുന്നത്. ഫ്ളിപ്കാർട്ട്, ആപ്പിൾ, സാംസങ്, എൽജി. മെയ്ക്ക് മൈ ട്രിപ്പ്, വൺ പ്ലസ്, ഖത്തർ എയർവെയ്സ്, ടാറ്റാ ക്ലിക് ലക്ഷ്വറി, യാത്ര തുടങ്ങി നിരവധി ബ്രാൻഡുകളുമായി ചേർന്നാണ് ആനുകൂല്യങ്ങൾ.ഓഫറുകൾ നിബന്ധനകൾക്ക് വിധേയം.വിവരങ്ങൾക്ക്: https://www.icicibank.com/campaigns/bonanza/index.html

# 'ജൈവ്':വീട്ടമ്മമാർക്കായി സംരംഭക പരിശീലന പദ്ധതി




**കൊച്ചിയിൽ ആരംഭിച്ച ജാറ്റോസ് ഇനിഷ്യേറ്റീവ് ഫോർ വുൺ എന്റർപ്രണർ (ജൈവ്) സംരംഭക പരിശീലന പദ്ധതിയിലെ ആദ്യ ബാച്ചിലെ അംഗങ്ങളായ വീട്ടമ്മമാർ 'ജൈവ്' മെന്റർ ജാറ്റോസ് മറിയ ടോമിനൊപ്പം കൊച്ചിയിൽ ആരംഭിച്ച ജാറ്റോസ് ഇനിഷ്യേറ്റീവ് ഫോർ വുൺ എന്റർപ്രണർ (ജൈവ്) സംരംഭക പരിശീലന പദ്ധതിയിലെ ആദ്യ ബാച്ചിലെ അംഗങ്ങളായ വീട്ടമ്മമാർ 'ജൈവ്' മെന്റർ ജാറ്റോസ് മറിയ ടോമിനൊപ്പം**

**കൊച്ചി :** സംരംഭകരാകാൻ ആഗ്രഹിക്കുന്ന വീട്ടമ്മമാർക്ക് വേണ്ട പരിശീലനവും മാർഗ ദർശനവും നൽകാൻ ജാറ്റോസ് ഇനിഷ്യേറ്റീവ് ഫോർ വുൺ എന്റർപ്രണർ (ജൈവ് (JIWE)) എന്ന പരിശീലന പദ്ധതിക്ക് കൊച്ചിയിൽ തുടക്കമായി. ഉന്നത വിദ്യഭ്യാസ യോഗ്യതയുള്ള ധാരാളം സ്ത്രീകൾ കേവലം വീട്ടമ്മമാരായി ഒതുങ്ങിക്കൂടി കഴിയുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. അവർക്ക് അഭിരുചിയുള്ള സംരംഭക മേഖലകളിൽ തക്കതായ പരിശീലനം നൽകിയാൽ അവർക്ക് മികച്ച വനിതാ സംരംഭകരാകാൻ സാധിക്കും. ഈ ലക്ഷ്യം മുൻനിറുത്തി 'ജാറ്റോസ് മറിയ ടോം' എന്ന യുവ സംരംഭകയുടെ നേതൃത്വത്തിലാണ് രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരിശീലന പദ്ധതി ആരംഭിച്ചിരിക്കുന്നത്.കമ്പനി രൂപീകരണം, നിക്ഷേപം, നേതൃപാടവം, ടാക്സേഷൻ, പണലഭ്യത, വിനിയോഗം തുടങ്ങി വിവിധ വിഷയങ്ങളിൽ മതിയായ പരിശീലനം നൽകി സംരംഭകർക്കൊപ്പം പ്രവർത്തിച്ച് ബിസിനസ്സിനെ ലാഭകരമാക്കുന്നതാണ് പരിശീലന പരിപാടി.പരിശീലനത്തിന് ഫീസ് വാങ്ങുന്നതിന് പകരമായി ജൈവിൽ പങ്കെടുക്കുന്ന ഒരോരുത്തരെയും കൊണ്ട് അവർക്ക് ഇഷ്ടമുള്ള സംരഭത്തിൽ നിക്ഷേപം നടത്തിച്ച് അവർക്ക് ലാഭം നേടിക്കൊടുക്കുകയാണ് ചെയ്യുന്നത്. 50 പേരെയാണ് തുടക്കത്തിൽ പരിശീലിപ്പിക്കുന്നത്. ഇതിൽ മികവ് തെളിയിക്കുന്ന 14 പേരെ ജാറ്റോസ് ഡിസൈൻസിന്റെ പുതിയ പദ്ധതിയിൽ പങ്കാളികളാക്കും. ഒരോ വീട്ടമ്മയും ബിസിനസിലൂടെ ധനം സമ്പാദനമാർഗ്ഗത്തിലെത്തുന്നത് വരാൻ പോകുന്ന തലമുറകൾക്കും വലിയ പാഠവും ഊർജ്ജവുമായിരിക്കുമെന്നാണ് കരുതുന്നതെന്നും കേരളത്തിൽ തന്നെ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു പരിശീലന പദ്ധതി നടപ്പിലാക്കുന്നതെന്നും 'ജാറ്റോസ് മറിയ ടോം' പറഞ്ഞു.

# കോൾഡ് പ്രസ്ഡ് ഓയിലുകളുമായി ടാറ്റാ സിപ്ലി ബെറ്റർ

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിൻറെ ഫുഡ് ആൻറ് ബിവറേജസ് കമ്പനിയായ ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സ് പ്രീമിയം കോൾഡ് പ്രെസ്ഡ് ഓയിൽ മേഖലയിലേക്കുള്ള പ്രവേശനം പ്രഖ്യാപിച്ചു. നൂറു ശതമാനം ശുദ്ധവും അൺ റിഫൈൻഡുമായ കോൾഡ് പ്രെസ്ഡ് എണ്ണകളുടെ നിരയാണ് ടാറ്റാ സിപ്ലി ബെറ്റർ എന്ന ബ്രാൻഡിനു കീഴിൽ അവതരിപ്പിക്കുന്നതെന്ന് ടാറ്റാ കൺസ്യൂമർ പ്രഡക്ട്സിൻറെ പാക്കേജ്ഡ് ഫൂഡ്സ് ഇന്ത്യ വിഭാഗം പ്രസിഡൻറ് ദീപിക ഭാൻ പറഞ്ഞു.വിർജിൻ കോൾഡ് പ്രെസ്ഡ് വെളിച്ചെണ്ണ, കോൾഡ് പ്രെസ്ഡ് നിലക്കടല എണ്ണ, കോൾഡ് പ്രെസ്ഡ് കടുകെണ്ണ, കോൾഡ് പ്രസ്ഡ് എള്ളെണ്ണ എന്നിങ്ങനെ മികച്ച ഗുണമേൻമയും രുചിയും ലഭ്യമാക്കുന്ന രീതിയിൽ ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ നാല് ഭക്ഷ്യഎണ്ണകളാണ് ടാറ്റാ സിപ്ലി ബെറ്റർ വിപണിയിലെത്തിക്കുന്നത്.കോൾഡ് പ്രെസ്ഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് സവിശേഷമായി തയ്യാറാക്കുന്നവയാണ് ടാറ്റാ സിപ്ലി ബെറ്ററിൻറെ കോൾഡ് പ്രെസ്ഡ് എണ്ണകൾ. സുപ്രധാന പോഷകങ്ങൾ, മികച്ച വാസന, ആധികാരികമായ രുചി തുടങ്ങിയവ ഉറപ്പാക്കുന്ന വിധത്തിൽ പരമ്പരാഗത രീതികളെ പ്രതിഫലിപ്പിക്കുന്ന വിധത്തിലുള്ളതാണ് കോൾഡ് പ്രെസ്ഡ് സാങ്കേതികവിദ്യ. പ്രീമിയം ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേകമായി തെരഞ്ഞെടുത്ത എ1 ഗ്രേഡ് ചേരുവകളിൽ നിന്നാണ് ടാറ്റാ സിപ്ലി ബെറ്റർ കോൾഡ് പ്രെസ്ഡ് എണ്ണകൾ തയ്യാറാക്കുന്നത്.ഉപഭോക്താക്കൾ പാചകത്തെ സമീപിക്കുന്ന രീതികളിൽ മാറ്റമുണ്ടാക്കാനാവും വിധം ടാറ്റാ സിപ്ലി ബെറ്റർ കോൾഡ് പ്രെസ്ഡ് എണ്ണകൾ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് ഏറെ ആവേശമുണ്ടെന്നും ദീപിക ഭാൻ പറഞ്ഞു. അതീവ രുചികരമായ സവിശേ




ഷമായ ഭക്ഷ്യ എണ്ണകളുടെ ശ്രേണി അവതരിപ്പിക്കാനാണു തങ്ങൾ ശ്രമിക്കുന്നത്. ഗുണമേൻമയും ശുദ്ധതയും സംബന്ധിച്ച തങ്ങളുടെ പ്രതിജ്ഞകൾക്ക് അനുസൃതമായുള്ളതാണ് ടാറ്റാ സിപ്ലി കോൾഡ് പ്രെസ്ഡ് ഓയിലുകൾ. ഇത് അവതരിപ്പിക്കുന്നതിലൂടെ ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സ് ഭക്ഷ്യപാനീയ രംഗത്തുള്ള സ്ഥാനം ഉയർത്തുക മാത്രമല്ല ഉപഭോക്താക്കൾക്ക് വിശ്വസിക്കാനാവുന്ന പോഷക തെരഞ്ഞെടുപ്പുകൾ കൂടി ലഭ്യമാക്കി തങ്ങളുടെ ഉൽപന്ന നിര ശക്തമാക്കുക കൂടിയാണു ചെയ്യുന്നതെന്നും ദീപിക ഭാൻ ചൂണ്ടിക്കാട്ടി.നൂറു ശതമാനം ശുദ്ധവും അൺറിഫൈൻഡും ആയ ഘടകങ്ങളിൽ നിന്നു തയ്യാറാക്കുന്ന ടാറ്റാ സിംപ്ലി ബെറ്റർ കോൾഡ് പ്രെസ്ഡ് എണ്ണകൾ എല്ലാ സുപ്രധാന ഓൺലൈൻ വിപണികളിൽ നിന്നും ടാറ്റാ സിംപ്ലി ബെറ്റർ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. 325 രൂപ മുതൽ 699 രൂപ വരെയാണ് വില.കൂടുതൽ വിവരങ്ങൾക്ക് www.tatasimplybetter.com സന്ദർശിക്കുക.

# ഓണത്തിന് പുതിയ കളക്ഷനുകളുമായി ലാംഗ്വേജ്




**കൊച്ചി:** യുവാക്കൾക്ക് ഇഷ്ടപെട്ട പ്രീമിയം ശൈലിയിൽപെട്ട ഉയർന്ന നിലവാരമുള്ള ലെതർ ഉത്പന്നങ്ങൾ പുറത്തിറക്കുന്ന ലാംഗ്വേജ്, ഈ ഓണത്തിന് ഷൂസ്, ബെൽറ്റുകൾ, ബാഗുകൾ, ആക്സസറികൾ എന്നിവയുടെ പുതിയതും സമ്പന്നവുമായ ശേഖരം പുറത്തിറക്കുന്നു. പാരമ്പര്യത്തിന്റെയും ആധുനികതയുടെയും തടസ്സങ്ങളില്ലാത്ത സംയോജനം ഉൾക്കൊള്ളുന്ന ലാംഗ്വേജിന്റെ ഉൽപ്പന്നങ്ങൾ മികച്ച ലെതറിൽ നിന്ന് സൂക്ഷ്മമായി രൂപകൽപ്പന ചെയ്യുന്നവയാണ്. എല്ലാ ഉത്പന്നങ്ങളും ലോക നിലവാരമുള്ളവ മാത്രമല്ല, പോക്കറ്റ് സൗഹൃദവുമാണ്. ഡ്രൈവർ, ലോഫർ, ഡെർബി എന്നിവയുൾപ്പെടെ പുരുഷന്മാർക്കുള്ള പാദരക്ഷ ഓപ്ഷനുകളുടെ വിപുലമായ ശേഖരവും ഹീൽ, മൊക്കാസിൻ, സാൻഡലുകൾ എന്നിവയുൾപ്പെടെ സ്ത്രീകൾക്കായുള്ള ശേഖരവും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, സ്ത്രീകൾക്കും പുരുഷന്മാർക്കും ബാഗുകൾ, ബെൽറ്റുകൾ, വാലറ്റുകൾ എന്നിങ്ങനെയുള്ള വിവിധ ആക്സസറീസും ലാംഗ്വേജ് പുറത്തിറക്കുന്നുണ്ട്. കൂടാതെ ഈ അവധിക്കാലത്ത് അവരുടെ സ്റ്റോറുകളിൽ നിന്ന് ചെയ്യുന്ന ഓരോ പർച്ചേസുകൾക്കുമൊപ്പം സമ്മാനങ്ങൾ നേടുകയും ചെയ്യാം.കൊച്ചിയിലെ ലുലു മാൾ, കോഴിക്കോട് ഹൈലൈറ്റ് മാൾ എന്നിവിടങ്ങളിലെ ലാംഗ്വേജിന്റെ എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്‌ലെറ്റുകളിലോ ചെന്നൈ നുങ്കമ്പാക്കം, എക്സ്പ്രസ് അവന്യൂ ചെന്നൈ, ശരത് സിറ്റി മാൾ ഹൈദരാബാദ്, ലുലു ഗ്ലോബൽ മാൾ ബെംഗളൂരു, പവലിയൻ മാൾ ലുധിയാന, ദുബായ് ഹിൽസ് മാൾ യുഎഇ എന്നിവിടങ്ങളിലെ മറ്റ് ഔട്ട്‌ലെറ്റുകളിൽ നിന്നോ അല്ലെങ്കിൽ ഠഠഠ. ഹമിഴൗമഴലവെീലല.രീാ എന്ന സൈറ്റിൽ നിന്നോ നിങ്ങൾക്ക് ലാംഗ്വേജ് ഉത്പന്നങ്ങൾ വാങ്ങാവുന്നതാണ്. രാജ്യത്തുടനീളമുള്ള 250ലധികം മൾട്ടിബ്രാൻഡ് ഔട്ട്‌ലെറ്റുകളിലും മെട്രോ ഷൂസ്, റോസിയ, ഡെൽകോ, മോച്ചി, ഇൻക്.5, സെൻട്രോ, അറ്റെസ്ബർ, റീഗൽ ഷൂസ് എന്നിവയിലും ലാംഗ്വേജ് ഉത്പന്നങ്ങൾ ലഭ്യമാണ്.

# വിപിഎസ് ലേക്ഷോർ ദേശീയ കിഡ്നി ട്രാൻസ്പ്ലാന്റ് അപ്ഡേറ്റ് സംഘടിപ്പിച്ചു




**കൊച്ചി:** അഞ്ചാമത് ദേശീയ കിഡ്നി ട്രാൻസ്പ്ലാന്റ് അപ്ഡേറ്റ് സെമിനാർ വിപിഎസ് ലേക്ഷോറും അസോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റ്സും സംയുക്തമായി സംഘടിപ്പിച്ചു. വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്തു. പ്രമുഖ നെഫ്രോളജിസ്റ്റും ഇന്ത്യൻ സൊസൈറ്റി ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രസിഡന്റുമായ ഡോ ജോർജി എബ്രഹാം കിഡ്നി സ്വീകർത്താക്കളിലെ പോഷകാഹാരകുറവിനെക്കുറിച്ചു വിശദീകരിച്ചു. സെമിനാറിൽ കിഡ്നി രോഗങ്ങൾക്കുള്ള നൂതന ചികിത്സാ സംവിധാനങ്ങൾ, കിഡ്നിമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പ്രമേഹം എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് ദേശീയ തലത്തിലുള്ള വിദഗ്ധർ പഠനങ്ങൾ അവതരിപ്പിച്ചു.

# അസോച്ചമിന്റെ 'ഇഷ്യൂവർ ഓഫ് ദി ഇയർ–പബ്ലിക്ക് ഇഷ്യൂൻസ്' അവാർഡ് മുത്തൂറ്റ് ഫിനാൻസിന്




**കൊച്ചി:** അസോച്ചമിന്റെ ഈ വർഷത്തെ 'ഇഷ്യൂവർ ഓഫ് ദി ഇയർ-പബ്ലിക്ക് ഇഷ്യൂൻസ്' അവാർഡ് സ്വർണ വായ്പ കമ്പനിയായ മുത്തൂറ്റ് ഫിനാൻസിന് ലഭിച്ചു. അസോച്ചം സംഘടിപ്പിച്ച ആറാമത് ദേശീയ ഉച്ചകോടി-അവാർഡ്സ് കോർപറേറ്റ് ബോണ്ട് മാർക്കറ്റ് 2023ലാണ് നൽകിയത്. അസോച്ചമിന്റെ അവാർഡ് ലഭിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്നും തങ്ങളുടെ യാത്രയിലെ മുഖ്യ പങ്കുവഹിക്കുന്ന രണ്ടു ലക്ഷത്തിലധികം വരുന്ന ഉപഭോക്താക്കൾക്കും ഒരു ലക്ഷത്തിലധികം വരുന്ന റീട്ടെയിൽ നിക്ഷേപകർക്കും നൽകുന്ന മികച്ച സേവനങ്ങളാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്നും മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.രാജ്യത്തുടനീളമുള്ള 5800ലധികം വരുന്ന ബ്രാഞ്ചുകളിലൂടെ തലമുറകളായി ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ സാധിച്ചെന്നും തങ്ങളുടെ പങ്കാളികളോടും നിക്ഷേപകരോടും ക്രെഡിറ്റ് റേറ്റിങ് ഏജൻസികളോടും ഡിബഞ്ചർ ട്രസ്റ്റികളോടും രജിസ്ട്രാറുകളോടും ബാങ്കർമാരോടും നിക്ഷേപക ബാങ്കുകളോടും ബ്രോക്കർമാരോടും ജീവനക്കാരോടും അവർ നൽകിയ പിന്തുണയ്ക്ക് കടപ്പെട്ടിരിക്കുന്നുവെന്നും ഈ നേട്ടത്തിൽ അഭിമാനിക്കുന്നുവെന്നും രാജ്യത്തെ സാമ്പത്തിക ഉൾപ്പെടുത്തലിൽ പാരമ്പര്യം കെട്ടിപ്പടുക്കാനുള്ള ശ്രമം തുടരുമെന്നും ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

# അപർണ്ണ എന്റർപ്രൈസസ് 150 കോടിയുടെ നിക്ഷേപം നടത്തും

**കൊച്ചി:** രാജ്യത്തെ അതിവേഗം വളരുന്ന ബിൽഡിങ് മെറ്റീരിയൽ നിർമാതാക്കളായ അപർണ്ണ എന്റർപ്രൈസസ് ബിസിനസ് വിപുലീകരണത്തിനായി 2024 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപ നിക്ഷേപിക്കും. ഇന്ത്യയിലെ അടിസ്ഥാന സൗകര്യ മേഖലയുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിബദ്ധതയാണ് ഈ തീരുമാനത്തിനു പിന്നിലുള്ളത്. ഹൈദരാബാദിലെ രുദ്രാമിൽ അത്യാധുനിക യുപിവിസി ശാല നിർമിക്കാനാവും 100 കോടി രൂപ വകയിരുത്തുക. ഇതിലൂടെ പ്രതിമാസ യുപിവിസി പ്രൊഫൈൽ ഉൽപാദനം 700 ടണ്ണിൽ നിന്ന് 1200 ടണ്ണായി വർധിപ്പിക്കും. വിൻഡോ നിർമാണത്തിൽ 150 ശതമാനം വർധനവും പ്രതീക്ഷിക്കുന്നു. ടൈൽസ്, റെഡിമിക്സ് കോൺക്രീറ്റ്, അലൂമിനിയം ബിസിനസുകൾ വികസിപ്പിക്കാനാവും 50 കോടി രൂപ വകയിരുത്തുക.രാജ്യമാകെ സാന്നിധ്യമുള്ള തങ്ങൾ ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾക്കനുസരിച്ചുള്ള സമഗ്ര സംവിധാനങ്ങൾ ലഭ്യമാക്കാനാണ് ശ്രമിക്കുന്നതെന്ന് അപർണ്ണ എൻറർപ്രൈസസ് മാനേജിങ് ഡയറക്ടർ അശ്വിൻ റെഡ്ഡി പറഞ്ഞു.

APARNA
Lead the future

# കെഎഫ്സിയുടെ ഇന്ത്യ സഹയോഗ് പ്രോഗ്രാം: കേരളത്തിലെ 100 ചെറുകിട ഭക്ഷ്യ വ്യവസായങ്ങൾക്ക് പിന്തുണ

## പദ്ധതിയുടെ ഉദ്ഘാടനംതിരുവനന്തപുരം പാളയത്തുള്ള ഹോട്ടൽ അപ്പോളോ ഡിമോറയിൽ ഭക്ഷ്യസുരക്ഷാ കമ്മിഷണർ വി.ആർ വിനോദ് നിർവ്വഹിച്ചു




**കൊച്ചി:** മുംബൈ, ബംഗളൂരു, ഡൽഹി, ഹൈദരാബാദ്, കൊൽക്കത്ത, ഗുവാഹത്തി എന്നിവിടങ്ങളിലെ 600 പ്രാദേശിക റെസ്റ്റോറന്റുകളെ പിന്തുണച്ചതിന് പിന്നാലെ കെഎഫ്സി യുടെ ഇന്ത്യ സഹയോഗ് പ്രോഗ്രാം കേരളത്തിനായുള്ള അടുത്ത ചാപ്റ്റർ പ്രഖ്യാപിച്ചു.പദ്ധതിയുടെ ഉദ്ഘാടനംതിരുവനന്തപുരം പാളയത്തുള്ള ഹോട്ടൽ അപ്പോളോ ഡിമോറയിൽ ഭക്ഷ്യസുരക്ഷാ കമ്മിഷണർ വി.ആർ വിനോദ് നിർവ്വഹിച്ചു.പരിപാടിയുടെ ഭാഗമായി,കെഎഫ്സി കേരളത്തിലെ 100 പ്രാദേശിക റെസ്റ്റോറന്റുകളുമായും ഫുഡ് ജോയിന്റുകളുമായും ചേന്ന് പ്രവർത്തിക്കുമെന്ന് കെഎഫ്സി ഇന്ത്യ, ജനറൽ മാനേജർ മോക്ഷ് ചോപ്ര പറഞ്ഞു.ഭക്ഷ്യ സുരക്ഷ, ശുചിത്വം, ഉപഭോക്തൃ സേവനം, ലാഭക്ഷമത എന്നിവയിലും അതിലേറെ കാര്യങ്ങളിലും പരിശീലന മൊഡ്യൂളുകളിലൂടെ ബിസിനസ്സ് പുനരുജ്ജീവനത്തിന് അവരെ സഹായിക്കുന്നു. പങ്കെടുക്കുന്ന പ്രാദേശിക ബിസിനസുകളിൽ 60% സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളവയാണ്.2020ൽ ആരംഭിച്ച കെഎഫ്സിയുടെ ഇന്ത്യ സഹയോഗ് പ്രോഗ്രാം; നാഷണൽ റെസ്റ്റോറന്റ് അസോസിയേഷൻ ഓഫ് ഇന്ത്യ (NRAI), FSSAI-യുടെ ഫുഡ് സേഫ്റ്റി ആൻഡ് ട്രെയിനിംഗ് സർട്ടിഫിക്കേഷൻ പ്രോഗ്രാം എന്നിവയുമായി സഹകരിച്ചാണ് ഇത് നടത്തുന്നത്; 2024 അവസാനത്തോടെ രാജ്യത്തുടനീളമുള്ള 1000 റെസ്റ്റോറന്റുകളെ പിന്തുണയ്ക്കാൻ ലക്ഷ്യമിടുന്നുവെന്നും മോക്ഷ് ചോപ്ര പറഞ്ഞു.

# ഇന്ത്യ ഷെൽട്ടർ ഫിനാൻസ് കോർപ്പറേഷൻ 1800 കോടി രൂപയുടെ ഐപിഒയ്ക്ക്

**കൊച്ചി:** ഹരിയാനയിലെ ഗുരുഗ്രാം ആസ്ഥാനമാക്കി റീട്ടെയിൽ മേഖലയിൽ ശ്രദ്ധയൂന്നി പ്രവർത്തിക്കുന്ന അഫോഡബിൾ ഹൗസിംഗ് ഫിനാൻസ് കമ്പനിയായ ഇന്ത്യ ഷെൽട്ടർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് 1800 കോടി രൂപ സമാഹരിക്കുന്നതിന് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.5 രൂപ മുഖവിലയുള്ള 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 800 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ്ചെയ്യും. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# പുതിയ എസ്പി160 അവതരിപ്പിച്ച് ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ബോൾഡ് ആൻഡ് സ്പോർട്ടി ഡിസൈനും, നൂതന സാങ്കേതികവിദ്യകളും ചേർത്ത് ഏറ്റവും പുതിയ എസ്പി160 അവതരിപ്പിച്ചു. ദൈനംദിന യാത്രയ്ക്ക് അനുയോജ്യമായ മികച്ച പ്രകടനം ഉറപ്പാക്കിയാണ് പുതിയ എസ്പി160 രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. സ്പോർട്ടി ആവരണങ്ങളോടുകൂടിയ ബോൾഡ് ടാങ്ക് ഡിസൈനും, ബോൾഡ് എൽഇഡി ഹെഡ്ലാമ്പും, എൽഇഡി ടെയിൽ ലാമ്പും എസ്പി160യെ കൂടുതൽ ഭംഗിയാക്കുന്നു. ക്രോം കവറോടു കൂടിയ സ്പോർട്ടി മഫു, 130 എം.എം വീതിയുമുള്ള പിൻ ടയർ, എയറോഡൈനാമിക് അണ്ടർ കൗൾ എന്നിവയാണ് സ്റ്റൈലിഷ് വർധിപ്പിക്കുന്ന മറ്റു ഘടകങ്ങൾ. സോളിനോയിഡ് വാൽവിനൊപ്പം, ഒബിഡി2 അനുസൃതമായ ഹോണ്ടയുടെ 160സിസി പവർ പിജിഎം-എഫ്ഐ എഞ്ചിനാണ് എസ്പി160ക്ക് കരുത്തേകുന്നത്. ലോങ് സ്ട്രോക്ക്, ഹൈ കംപ്രഷൻ റേഷൻ (10:1), സ്പൈനി സ്ലീവ് എന്നിവയുള്ള അഡ്വാൻസ് എഞ്ചിൻ, സുഗമമായ പവർ ഡെലിവറിക്കായി റോളർ റോക്കർ ആം, കൗണ്ടർ ബാലൻസർ, അഡ്വാൻസ്ഡ് ഡിജിറ്റൽ മീറ്റർ എന്നീ ഫീച്ചറുകളും വാഹനത്തിന് മികച്ച പ്രകടനം ഉറപ്പാക്കുന്നു.എഞ്ചിൻ സ്റ്റോപ്പ് സ്വിച്ച്, മെച്ചപ്പെട്ട റൈഡിന് ഹൈഗ്രൗണ്ട് ക്ലിയറൻസും (177 എം.എം) നീളമുള്ള വീൽബേസും (1347), റൈഡിങ് സുഖമാക്കാൻ 594 എംഎം നീളമുള്ള ലോങ്സീറ്റ്, ഹസാർഡ് സ്വിച്ച്, റിയർ മോണോ ഷോക്ക് സസ്പെൻഷൻ, മികച്ച ബ്രേക്കിങിനും നിയന്ത്രണത്തിനും സിംഗിൾ ചാനൽ എബിഎസ് (ആന്റിലോക്ക് ബ്രേക്കിംഗ് സിസ്റ്റം) സഹിതമുള്ള പെറ്റൽ ഡിസ്ക് ബ്രേക്കുകൾ എന്നിവയാണ് എസ്പി160യുടെ മറ്റു പ്രധാന സവിശേഷതകൾ. ഉപഭോക്താക്കൾക്കായി പ്രത്യേക 10 വർഷ വാറന്റി പാക്കേജും (3 വർഷം സ്റ്റാൻഡേർഡ് + 7 വർഷത്തെ ഓപ്ഷണൽ) ഹോണ്ട പുതിയ മോഡലിനൊപ്പം വാഗ്ദാനം ചെയ്യുന്നു. മാറ്റ് മാർവൽ ബ്ലൂ മെറ്റാലിക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക്, മാറ്റ് ഡാർക്ക് ബ്ലൂ മെറ്റാലിക്, പേൾ സ്പാർട്ടൻ റെഡ്, പേൾ ഇഗ്നിയസ് ബ്ലാക്ക്, പേൾ ഡീപ് ഗ്രൗണ്ട് ഗ്രേ എന്നീ നിറങ്ങളിൽ രണ്ടു വേരിന്റുകളിൽ എസ്പി160 ലഭിക്കും. സിംഗിൾ ഡിസ്ക് വേരിയന്റിന് 1,17,500 രൂപയും, ഡ്യുവൽ ഡിസ്ക് വേരിയന്റിന് 1,21,900 രൂപയുമാണ് ഡൽഹി എക്സ്ഷോറും വില.2015ൽ അരങ്ങേറ്റം കുറിച്ചത് മുതൽ, 125 സിസി മോട്ടോർസൈക്കിൾ വിഭാഗത്തിൽ സാങ്കേതികവിദ്യയിലും ശൈലിയിലും പ്രകടനത്തിലും അഭൂതപൂർവമായ നിലവാരം സ്ഥാപിച്ച് ബ്രാൻഡ് എസ്പി വിപ്ലവം സൃഷ്ടിക്കുകയാണെന്നും സുത്സുമു ഒട്ടാനി പറഞ്ഞു. തങ്ങൾ ആത്മവിശ്വാസത്തോടെ വളരുമ്പോൾ ബ്രാൻഡ് എസ്പിയുടെ പാരമ്പര്യം ഒരു പരിധി വരെ ഉയർത്തുന്നതിലും, പുതിയ എസ്പി160 അവതരിപ്പിക്കുന്നതിലും തങ്ങൾ സന്തുഷ്ടരാണെന്നും അദ്ദേഹം പറഞ്ഞു. സ്പോർട്ടിനെസിന്റെയും യൂട്ടിലിറ്റിയുടെയും സമ്പൂർണ സമ്മിശ്രണം ആഗ്രഹിക്കുന്ന യുവാക്കളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് പുതിയ എസ്160 മോട്ടോർസൈക്കിൾ എന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.



## സ്റ്റെനോഗ്രാഫർ പരീക്ഷ

**കൊച്ചി:** സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ സ്റ്റെനോഗ്രാഫർ ഗ്രേഡ് സി ആൻഡ് ഡി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. തസ്തികളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ ഒക്ടോബറിൽ നടക്കും. ഓൺലൈൻ വഴി ഉദ്യോഗാർഥികൾക്ക് അപേക്ഷ സമർപ്പിക്കാം. യോഗ്യത പന്ത്രണ്ടാം ക്ലാസ് പാസ്സായിരിക്കണം. ഗ്രേഡ് സി, ഡി തസ്തികകളിലേക്ക് അപേക്ഷിക്കുന്നവരുടെ പരമാവധി പ്രായം യഥാക്രമം 30, 27 വയസാണ്. https://ssc.nic.in ൽ ആഗസ്റ്റ് 23വരെ അപേക്ഷ സമർപ്പിക്കാം. ഫീസ് 100 രൂപ. വിശദമായ വിജ്ഞാപനം www.ssckkr.nic.in, https://ssc.nic.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. ഹെൽപ് ലൈൻ നമ്പറുകൾ: 08025602520, 9483862020.

## ബാച്ചിലർ ഓഫ് ഡിസൈൻ പ്രവേശനം

**തിരുവനന്തപുരം:** ബാച്ചിലർ ഓഫ് ഡിസൈൻ 202324 കോഴ്സിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഓഗസ്റ്റ് 11 വരെ നിർദിഷ്ട ടോക്കൺ ഫീസ് അടയ്ക്കാം. ഫീസ് അടയ്ക്കാത്തവർക്കു അലോട്ട്മെന്റ് നഷ്ടപ്പെടും. ഓഗസ്റ്റ് 14 നകം പ്രവേശനത്തിനായി അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04712324396, 2560327.

# അവധിക്കാലം ചിലവഴിക്കാൻ ദുബായ് സമ്മർ ഫെസ്റ്റിവൽ



**ദുബായ്:** അവധിക്കാലം ആഘോഷമായി ചിലവഴിക്കാൻ ദുബായ് സമ്മർ ഫെസ്റ്റിവൽ വിനോദ സഞ്ചാരികളെ സ്വാഗതം ചെയ്യുന്നു. ആവേശകരമായ ദുബായ് യാത്ര ആസൂത്രണം ചെയ്യാൻ ഇതിലും മികച്ച സമയം വേറെയില്ല. വിനോദ സഞ്ചാരികൾക്ക് സംസ്കാരത്തിന്റെയും സാഹസികതയുടെയും ആഡംബരത്തിന്റെയും അസാധാരണമായ മിശ്രിതം പ്രദാനം ചെയ്യുന്ന ലക്ഷ്യസ്ഥാനമാണ് ദുബായ്. ലോകോത്തര ആകർഷണങ്ങൾ, ഐതിഹാസികമായ ലാൻഡ്മാർക്കുകൾ, ഊഷ്മളമായ ആതിഥ്യം എന്നിവയ്ക്ക് സാക്ഷ്യം വഹിക്കുമ്പോൾ തന്നെ ആധുനികതയുടെയും പാരമ്പര്യത്തിന്റെയും ആഡംബരത്തിന്റെയും സാഹസികതയുടെയും സമ്മിശ്രണം ആസ്വദിക്കുവാൻ സാധിക്കുന്നു.ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ നിന്ന് ദുബായിലേക്കുള്ള തടസ്സങ്ങളില്ലാത്ത കണക്റ്റിവിറ്റിയും മികച്ച ഓഫറുകളും നിങ്ങളുടെ ദുബായ് യാത്ര എളുപ്പമാക്കുന്നു. മിഷേലിൻസ്റ്റാർ ചെയ്ത റെസ്റ്റോറന്റുകൾ മുതൽ പ്രാദേശിക എമിറാത്തി വിഭവങ്ങൾ, ആധികാരിക ഇന്ത്യൻ പലഹാരങ്ങൾ, തെരുവ് ഭക്ഷണം എന്നിവ വരെയുള്ള ലോകമെമ്പാടുമുള്ള രുചികളും പാചകരീതികളും ആസ്വദിക്കുവാൻ ദുബായ് വിനോദ സഞ്ചാരികൾക്ക് അവസരമൊരുക്കുന്നു. ഷോപ്പിംഗ് മാളുകൾ, ഐക്കണിക് ലാൻഡ്മാർക്കുകൾ, ആഡംബരപൂർണമായ താമസസൗകര്യങ്ങൾ, കുടുംബസൗഹൃദ വിനോദ സൗകര്യങ്ങൾ, വൈവിധ്യമാർന്ന അനുഭവങ്ങൾ, വൈബ്രന്റ് നൈറ്റ് ലൈഫ് എന്നിവയാൽ സമ്പന്നമായി ഒരു അവധിക്കാലമാണ് വിനോദ സഞ്ചാരികൾക്ക് ദുബായ് വാഗ്ദാനം ചെയ്യുന്നത്.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LIVA KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663